
/samakalikajanapadham/ /prd.kerala.gov.in/publications
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ

₹12

# സമകാലിക ജനപഥം

2023 ഡിസംബർ ▪ പുസ്തകം 10 ▪ ലക്കം 5

# കേരളം നെഞ്ചേറ്റിയ യാത്ര



നവ കേരള സദസ്സ്
ജനകീയ മന്ത്രിസഭ ജനങ്ങൾക്കൊപ്പം



# നാം മുന്നോട്ട്

| ടി വി ചാനൽ | സംപ്രേഷണ സമയം |
|---|---|
| ഏഷ്യാനെറ്റ് ന്യൂസ് | ഞായർ 6.30 PM |
| മാതൃഭൂമി ന്യൂസ് | ഞായർ 8.30 PM 9.00 |
| കൈരളി | ശനി 12.30 AM repeat ശനി 6.30 AM |
| കൈരളി ന്യൂസ് | ഞായർ 9.30 AM repeat ബുധൻ 3.30 AM |
| മീഡിയ വൺ | ഞായർ 7.30 PM 8.00 |
| കൗമുദി ടിവി | ശനി 8.00 PM 8.24 |
| 24 ന്യൂസ് | ഞായർ 5.30 PM 6.00 repeat 1 AM-1.30 AM |
| ജീവൻ | ഞായർ 7.00 PM 7.24 PM |
| ജയ്ഹിന്ദ് | ബുധൻ 8.00 8.30 PM |
| റിപ്പോർട്ടർ | ഞായർ 6.30 PM 7.00 PM |
| ദൂരദർശൻ | ഞായർ 7.30 PM repeat തിങ്കൾ 9.30 PM |
| ന്യൂസ് 18 | ഞായർ 8.30 PM 9.00 PM |
| കേരള വിഷൻ | തിങ്കൾ 6.30 PM 7.00 PM |

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക
# ജനപഥം

2023 ഡിസംബർ | പുസ്തകം 10 | ലക്കം 5

എഡിറ്റർ ടി വി സുഭാഷ് ഐ എ എസ് അഡീഷണൽ എഡിറ്റർ സലിൻ മാങ്കുഴി
ഡെപ്യൂട്ടി എഡിറ്റർ കെ പി സരിത എഡിറ്റർ-ഇൻ-ചാർജ് കെ എസ് ഇന്ദുശേഖർ
അസിസ്റ്റന്റ് എഡിറ്റർ പ്രഭാത് നായർ സർക്കുലേഷൻ ഓഫീസർ മെർലിൻ ജെ എൻ
കവർ & ലേഔട്ട് രതീഷ് കുമാർ (ഡിജിക്രോ) ടൈപ്പ് സെറ്റിങ്ങ് വിനിത വി എസ്

എഡിറ്റോറിയൽ >>

## ജനാധിപത്യത്തിന്റെ മികവുറ്റ മാതൃക



ജനങ്ങളാണ് ജനാധിപത്യത്തിന്റെ ഉൾക്കരുത്ത്. ജനങ്ങളെ കേട്ടും അവരുടെ അഭിപ്രായ നിർദേശങ്ങളെ പരിഗണിച്ചും അവരുടെ പരാതികൾക്ക് ഉചിതമായ പരിഹാരം കണ്ടെത്തിയും മുന്നോട്ടുപോവുമ്പോൾ ഭരണകൂടം ജനാധിപത്യത്തിന്റെ അന്തസ്സത്തയെ കൂടുതൽ സുദൃഢമാക്കുകയാണ്. നാടിന്റെ പുരോഗതിക്ക് ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതും അനിവാര്യമാണ്. ഈ ദിശയിലുള്ള പിണറായി വിജയൻ സർക്കാരിന്റെ മഹത്തായ സംരംഭമാണ് നവംബർ 18ന് കാസർകോട് മഞ്ചേശ്വരത്ത് തുടക്കം കുറിച്ച നവകേരളസദസ്സ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജകമണ്ഡലങ്ങളിലും പര്യടനം നടത്തുന്ന പരിപാടിയിൽ ജനങ്ങളുടെ നിർദേശങ്ങളും പരാതികളും മന്ത്രിസഭയുമായി നേരിട്ടു പങ്കുവയ്ക്കാനുള്ള അവസരമാണ് ഒരുങ്ങിയത്. തുടക്കം മുതൽ തന്നെ കാണാവുന്ന വിപുലമായ ജനപങ്കാളിത്തം നവകേരളസദസ്സിന്റെ സാർഥകത സൂചിപ്പിക്കുന്നു.

മുഖ്യമന്ത്രി പിണറായി വിജയൻ ചൂണ്ടിക്കാട്ടിയതുപോലെ വികസനവും ക്ഷേമവും എല്ലാവർക്കും എല്ലായിടവും ഒരുപോലെ സാധ്യമാക്കുന്നതാണ് നവകേരളം. ആ നവകേരളത്തിലേക്കുള്ള യാത്രയിൽ നിർണ്ണായകമായ മികവ് വിവിധ മേഖലകളിലായി സൃഷ്ടിക്കാൻ കേരളത്തിനായിട്ടുണ്ട്. ആ നേട്ടങ്ങളെ കൂടുതൽ തെളിച്ചത്തോടെ മുന്നോട്ടുകൊണ്ടുപോവാൻ ഈ ജനകീയ സംവാദയാത്രകൊണ്ടു സാധിക്കും. നവകേരളസദസ്സിന്റെ പശ്ചാത്തലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ ഇതുവരെ വിവിധ വകുപ്പുകളിലായി കൈവരിച്ച ഏറ്റവും ശ്രദ്ധേയമായ നേട്ടങ്ങളുടെ ഒരു രത്നച്ചുരുക്കമാണ് ഈ ലക്കം സമകാലിക ജനപഥത്തിന്റെ ഉള്ളടക്കം.

**ടി. വി. സുഭാഷ് ഐ. എ. എസ്**
എഡിറ്റർ

2023 DECEMBER 1 VOLUME 10 ISSUE 5 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

*പ്രതികരണങ്ങൾ അയക്കേണ്ട വിലാസം*
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

*വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ*
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്,
എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില, സെക്രട്ടേറിയറ്റ്
അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

*ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും*

/samakalikajanapadham/ /prd.kerala.gov.in/publications




6 നാം തകരുകയല്ല മുന്നോട്ടുകുതിക്കുകയാണ്
**പിണറായി വിജയൻ**

10 എല്ലാപേർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ
**കെ.രാജൻ**

12 എല്ലാവർക്കും എല്ലായിടവും കുടിവെള്ളം
**റോഷി അഗസ്റ്റിൻ**

14 വൈദ്യുതി സ്വയംപര്യാപ്ത കേരളം
**കെ. കൃഷ്ണൻകുട്ടി**

16 സുസ്ഥിരവനവികസന മാതൃകകൾ
**എ.കെ.ശശീന്ദ്രൻ**

18 വിഴിഞ്ഞം സ്വപ്നസാഫല്യത്തിലേക്ക്
**അഹമ്മദ് ദേവർകോവിൽ**

20 കൂടുതൽ ജനകീയം നവീനം
**അഡ്വ. ആന്റണി രാജു**

22 മികവോടെ കളിക്കളങ്ങൾ
**വി.അബ്ദുറഹിമാൻ**

24 എല്ലാവർക്കും ഭക്ഷ്യഭദ്രത
**ജി.ആർ.അനിൽ**

26 സാമ്പത്തിക ദൃഢീകരണത്തിൽ ഊന്നി ധനമാനേജ്മെന്റ്
**കെ.എൻ. ബാലഗോപാൽ**

28 വൈജ്ഞാനികമേഖലയിൽ അവസരങ്ങൾ
**ഡോ.ആർ. ബിന്ദു**

30 നൂതന സംരംഭങ്ങൾ സാമൂഹിക ശാക്തീകരണത്തിന്
**ജെ. ചിഞ്ചുറാണി**





32 നവകേരളത്തിനായി തദ്ദേശസ്ഥാപനങ്ങളും
എം.ബി. രാജേഷ്

34 പുതുപാതകളിൽ അതിവേഗമുന്നേറ്റം
പി.എ. മുഹമ്മദ് റിയാസ്

36 കേരളം കൃഷിയിലേക്ക്
പി. പ്രസാദ്

38 ഉന്നതിയിലേക്ക്
കെ.രാധാകൃഷ്ണൻ

40 വ്യവസായസൗഹൃദ നവകേരളം
പി. രാജീവ്

42 തീരമേഖലയുടെ സാമൂഹിക-സാമ്പത്തിക ശാക്തീകരണം
സജി ചെറിയാൻ

44 അടിസ്ഥാനസൗകര്യ വികസനം
വി. ശിവൻകുട്ടി

46 കാലോചിതവും സമഗ്രവുമായ മാറ്റം
വി.എൻ.വാസവൻ

48 ദേശീയാംഗീകാരങ്ങളുടെ നിറവിൽ
വീണാ ജോർജ്

50 എല്ലാ നിവേദനങ്ങളിലും നടപടിയുണ്ടാകും നടപടികൾ ത്വരിതമാക്കും




നവകേരള സദസ്സിന് തുടക്കം കുറിച്ച് നവംബർ 18 ന് കാസർഗോഡ് പൈവളിഗെയിൽ നടത്തിയ പ്രസംഗത്തിൽ നിന്ന്

# നാം തകരുകയല്ല മുന്നോട്ടു കുതിക്കുക

നമ്മുടെ നാട് പല കാര്യങ്ങളിലും രാജ്യവും ലോകവും ശ്രദ്ധിക്കുന്ന ഒരു നാടാണ്. ഇവിടെ ആ മുന്നോട്ടുപോക്കിന് വല്ലാത്തൊരു തടസ്സം നമുക്ക് അനുഭവപ്പെട്ടു. അതിന്റെ ഭാഗമായി കേരളമാകെ കടുത്ത നിരാശയിൽ കഴിഞ്ഞ ഒരു കാലമുണ്ടായിരുന്നു. 2016 ന് മുമ്പ് എല്ലാ മേഖലയിലും കേരളീയർ കടുത്ത നിരാശയിലായിരുന്നു. നിങ്ങൾ നമ്മുടെ അയൽ സംസ്ഥാന ത്തിന്റെ അതിർത്തിയിൽ ജീവിക്കുന്നവരാണ്. തൊട്ടപ്പുറത്ത് നല്ല മനോഹരമായ റോഡ്. ഇപ്പുറത്ത് ഇടുങ്ങിയ സഞ്ചരിക്കാൻ കഴിയാത്ത ദേശീയപാത എന്ന് വിളിക്കാൻപോലും പറ്റാത്ത റോഡ്. ഇതിന് ഇനി ഇവിടെ മാറ്റം ഉണ്ടാകില്ലായെന്ന് വിശ്വസിക്കുന്നതിന് നിർബന്ധിക്കപ്പെട്ട ജനങ്ങൾ. ഇവിടെ നിന്ന് ചെങ്കള വരെയുള്ള ദേശീയപാതയുടെ ആദ്യ റീച്ച് നല്ല വേഗതയിലാണ് പൂർത്തീകരിക്കപ്പെടുന്നത്. അത് കണ്ണിന് നല്ല കുളിർമ നൽകുന്ന കാഴ്ചയായിരുന്നു. ഇത് ഈ റീച്ചിൽ മാത്രമുള്ളതല്ല. കേരളത്തിലെ ദേശീയപാത വികസനം ഇനി നടക്കില്ല എന്ന് കരുതിയവരെല്ലാം ഇപ്പോൾ ആ വിശ്വാസത്തിലല്ല. സമയബന്ധിതമായി പൂർത്തിയാകും എന്ന ഉറച്ച വിശ്വാസത്തിലാണ്.

ഈ പരിപാടി നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. നിങ്ങളുടെ കൺമുന്നിലാണ് നടന്നത്. ചീഫ് സെക്രട്ടറിയാണ് സ്വാഗതം പറഞ്ഞത്. ഇത് തീർത്തും ഒരു സർക്കാർ പരിപാടിയാണ്, ഇത് നാടിനു വേണ്ടിയാണ്. നാടിന്റെ പരിപാടിയാണ്, നമ്മുടെ സംസ്ഥാന സർക്കാർ നടത്തുന്ന പരിപാടിയാണ് എന്ന തിരിച്ചറിവ് എല്ലാ രാഷ്ട്രീയ പാർട്ടിയിലും ഉള്ള ജനങ്ങൾക്ക് പ്രത്യേകിച്ച് സാധാരണക്കാർക്ക് ഉണ്ട് എന്നതാണ് ഈ മഹാജനപങ്കാളിത്തം വ്യക്തമാക്കുന്നത്.

നമ്മുടെ രാജ്യം വല്ലാത്തൊരു ദശാസന്ധിയിൽ നിൽക്കുന്ന ഒരു ഘട്ടമാണിത്. ഏറ്റവും പ്രധാനം നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യ മതനിരപേക്ഷ സ്വഭാവം വെല്ലുവിളിക്കപ്പെടുന്നു എന്നുള്ളതാണ്. ഇതൊരു ചെറിയ കാര്യം മാത്രമാണ് എന്ന് തോന്നുന്നില്ല. ചെറിയൊരു വൃത്തത്തിൽ തുടങ്ങുന്നത് അല്ല. നമ്മുടെ രാജ്യത്തെ ആകെ ബാധിക്കുന്നതാണ്. നമ്മുടെ രാജ്യത്തിന്റെ യശസ്സിനെ ബാധിക്കുന്നതാണ്.

അതേസമയം രാജ്യത്ത് ഒരുപാട് തെറ്റായ നടപടികൾ, മുദ്രാവാക്യങ്ങൾ



# യാണ്



ഉയരുന്നത് എല്ലാം നാം കാണുന്നുണ്ട് നമ്മുടെ ഏറ്റവും വലിയ പ്രത്യേകത ധാരാളം വൈവിധ്യങ്ങൾ ഉള്ള ഒരു രാഷ്ട്രമാണ് നമ്മുടേത് എന്നുള്ളതാണ്. നാനാത്വത്തിൽ ഏകത്വം എന്നതാണ് നാം എപ്പോഴും ഉയർത്തിപ്പിടിച്ചിട്ടുള്ളത്.

കേരളം അതിദരിദ്രരെ സംരക്ഷിക്കാനും അതിദരിദ്രാവസ്ഥയിൽ നിന്നും അവരെ മോചിപ്പിക്കാനും നടപടികൾ സ്വീകരിക്കുകയാണ്. ഇവിടെ അതിദരിദ്രരായി കണ്ടെത്തിയത്. 0.7 ശതമാനം ആണ്. ഒരു ശതമാനത്തിൽ താഴെ. ഏതൊരു സർക്കാരിനും അവഗണിക്കാവുന്ന ഒരു നമ്പറാണ്. പക്ഷേ ഒരാളായാലും അവഗണിക്കാൻ പറ്റില്ല എന്ന നിലപാടാണ് നാം സ്വീകരിച്ചത്. അതിൽ നല്ലൊരു ഭാഗം ഏകദേശം 50 ശതമാനത്തോളം ഈ നവംബർ 1 ന് അതിദരിദ്രാവസ്ഥയിൽ നിന്ന് മുക്തരായി എന്ന് കേരള സർക്കാർ പ്രഖ്യാപിച്ചു. പാവങ്ങളോട് പ്രതിബദ്ധതയുള്ള ഒരു സർക്കാരിന് മാത്രമേ ഇതിന് കഴിയൂ. അവിടെയാണ് നാം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാവുന്നത്.

ഈ സാമ്പത്തിക ഞെരുക്കത്തിലടക്കം മാതൃകാപരമായ പ്രവർത്തനങ്ങളാണ് വിവിധ മേഖലകളിൽ കേരളം നടപ്പിലാക്കുന്നത്. നമ്മളാലാകാവുന്ന വിധം സംസ്ഥാനത്തിന്റെ പൊതുമേഖലയെ നിലനിർത്താനുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാർ നടത്തുന്നു കേരളത്തിൽ മറ്റൊരിടത്തുമില്ലാത്ത രീതിയിൽ നിയമനങ്ങൾ നടത്തുന്നു. സംസ്ഥാനത്ത് ക്ഷേമപെൻഷനുകളും മറ്റു ആനുകൂല്യങ്ങളും സേവനമേഖലയും എല്ലാം മുന്നോട്ടു കൊണ്ടുപോകാനുള്ള നടപടികൾ നല്ല രീതിയിൽ തുടരുന്നു. വലിയ പ്രയാസം അനുഭവിക്കുന്ന ചില കാര്യങ്ങളിൽ നാം സാമ്പത്തിക സഹായം നൽകുന്നുണ്ട്. അത് ദുരിതാശ്വാസനിധിയിൽ നിന്ന് നൽകുന്ന സഹായമാണ്. ആ ദുരിതാശ്വാസനിധിയിൽ നിന്ന് നൽകുന്ന സഹായം 2016നു മുൻപ് 808 കോടി രൂപ ആയിരുന്നു. കഴിഞ്ഞ ഏഴ് വർഷം എടുത്താൽ 7600 കോടി രൂപയാണ്.

ക്ഷേമ പെൻഷൻ 2016 ൽ 600 രൂപ വീതം ആയിരുന്നു. രണ്ടുവർഷം വരെ കുടിശ്ശികയായി കിടക്കുന്നുണ്ടായിരുന്നു. ഇപ്പോൾ 60 ലക്ഷം പേർക്ക് 1600 രൂപ വീതം ക്ഷേമപെൻഷൻ നൽകുകയാണ്. പരമ്പരാഗത തൊഴിൽ മേഖലയിൽ നടപ്പിലാക്കിയ ഇൻകം സപ്പോർട്ട് സ്കീം ഏഴ് വർഷക്കാലം എടുത്താൽ 493 കോടി രൂപ നൽകികഴിഞ്ഞിട്ടുണ്ട്. ഖാദി മേഖലയ്ക്ക് 2011 മുതൽ 2016 വരെ 260 കോടി രൂപ ആയിരുന്നു ലഭിച്ചതെങ്കിൽ



കഴിഞ്ഞ ഏഴുവർഷം അത് 426 കോടി രൂപയാണ്. കയർ മേഖലയ്ക്ക് 599 കോടി രൂപ കൊടുത്ത സ്ഥാനത്ത് കഴിഞ്ഞ ഏഴ് വർഷം 1455 കോടി രൂപയാണ് കൊടുത്തത് കശുവണ്ടി മേഖല നേരത്തെ 236 കോടി രൂപയായിരുന്നു. അത് ഏഴുവർഷം 840 കോടി രൂപ നൽകുന്ന സ്ഥിതിയായി.

കെഎസ്ആർടിസി ക്ക് 2011-16 കാലം 1543 കോടി രൂപയായിരുന്ന കൊടുത്തിരുന്നത്. കഴിഞ്ഞ ഏഴ് വർഷം ഈ സർക്കാർ 9700 കോടി രൂപയാണ് നൽകിയത്. ഈ സാമ്പത്തിക പ്രയാസത്തിനിടയിലാണ് എല്ലാം നിർവഹിച്ചത്. ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി നാല് ലക്ഷത്തോളം ഭവനങ്ങളാണ് പൂർത്തിയാക്കിയത്. ആ വീടിന്റെ മുന്നിൽ 'ഇത് ലൈഫ് വക' എന്ന് നാം എഴുതി വയ്ക്കുന്നില്ല.

പട്ടയത്തിന്റെ കാര്യത്തിൽ 2011 മുതൽ 16 വരെ കൊടുത്തത് 1,15,000 പട്ടയമായിരുന്നു. ഇപ്പോൾ ഏഴ് വർഷം കൊണ്ട് മൂന്നുലക്ഷം പട്ടയം കൊടുക്കാൻ കഴിഞ്ഞു. ബാക്കി പട്ടയങ്ങൾ വേഗത്തിൽ കൊടുക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. പിഎസ് സി നിയമനം മറ്റൊരു സംസ്ഥാനത്തും ഇല്ലാത്ത രീതിയിലാണ്. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ ഏഴ് വർഷം 2,22,000 പിഎസ് സി നിയമനമാണ് നടന്നത്.

ആരോഗ്യമേഖലയിൽ നാം ചെലവിട്ടത് ബജറ്റ് വിഹിതമായിതന്നെ 2500 കോടി രൂപയാണ്. കാരുണ്യ സുരക്ഷാപദ്ധതി പ്രകാരം 43 ലക്ഷം കുടുംബങ്ങളിലെ 73 ലക്ഷം പേർക്കാണ് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നത്. കാരുണ്യ ആരോഗ്യ ഇൻഷ്വറൻസിലൂടെ 612 ആശുപത്രികളിലായി 20,762 കോടി രൂപയുടെ സഹായമാണ് നൽകിയത്. ഇരുപത്തിയേഴര ലക്ഷം ആളുകൾക്കാണ് പ്രയോജനമായത്.

അതേപോലെ വിദ്യാഭ്യാസ രംഗത്ത് വരുത്തിയ മാറ്റം. നമ്മുടെ പൊതു വിദ്യാലയങ്ങളിൽ 4300 കോടി രൂപയുടെ നിക്ഷേപമാണ്. കിഫ്ബി ഇതിൽ വളരെ പ്രധാനപ്പെട്ട പങ്കു വഹിച്ചിട്ടുണ്ട്. 2870 കോടി രൂപ കിഫ്ബി മുഖേനെയാണ് കണ്ടെത്തിയത്. 2300 ഓളം സ്കൂളുകൾക്ക് ഇതിന്റെ ഗുണഫലം ലഭിച്ചു. വിദ്യാഭ്യാസ മേഖലയിൽ 44,705 ക്ലാസ് റൂമുകളും 11,755 സ്കൂൾ ലാബുകളും ഹൈടെക് നിലവാരത്തിൽ ആക്കി. 860 സ്കൂൾ കെട്ടിടങ്ങളാണ് ഇപ്പോൾ നിർമ്മാണത്തിൽ. 268 എണ്ണം പൂർത്തിയായി.

കാർഷിക മേഖലയുടെ വളർച്ചനിരക്ക് കഴിഞ്ഞ സാമ്പത്തിക വർഷം 4.64% ആണ്. 2016ൽ അത് രണ്ട് ശതമാനം മാത്രമായിരുന്നു. ഇരട്ടിയിലധികം നമുക്ക് വർധിപ്പിക്കാൻ കഴിഞ്ഞു. നെൽക്കൃഷിയുടെ വിസ്തൃതി എടുത്താൽ 2016 ൽ കൃഷി ചെയ്തതിനേക്കാൾ എത്രയോ കൂടുതലാണ് ഇപ്പോൾ വിസ്തൃതി വർധിച്ചത്. നെല്ലിന്റെ ഉൽപാദനക്ഷമത ഹെക്ടറിന് 4.56 ടൺ ആയി വർധിപ്പിക്കാനായി. ഇനിയും വർധിപ്പിക്കാനുള്ള നടപടിയുമായാണ് നാം നീങ്ങുന്നത്. പച്ചക്കറി ഉൽപാദനം 2016ലെ ഏഴ് ലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 2022ൽ 16 ലക്ഷം മെട്രിക് ടൺ ആയി വർധിച്ചു. കാർഷിക മൂല്യവർധന ലക്ഷ്യം വച്ചിട്ടുള്ള ഒട്ടേറെ പാർക്കുകൾ- കോഫി പാർക്ക്, സ്പൈസസ് പാർക്ക്, ഫുഡ് പാർക്ക് വിവിധ മേഖലയിലായി കൊണ്ടുവരികയാണ്.

ഐടി മേഖലയിൽ വലിയ പുരോഗതിയാണ് നമുക്ക് നേടാൻ കഴിഞ്ഞിട്ടുള്ളത്. 2016ൽ ഐടി പാർക്കുകൾ വഴിയുള്ള കയറ്റുമതി 9753 കോടി രൂപ മാത്രമായിരുന്നു. ഇപ്പോഴത് 17,536 കോടി രൂപയെന്ന നിലയിൽ ഇരട്ടിയായി. സർക്കാർ ഐടി പാർക്കുകളിലെ കമ്പനികളുടെ എണ്ണം വർധിച്ചിരിക്കുന്നു. തൊഴിൽ എടുക്കുന്നവരുടെ എണ്ണം വലിയ തോതിൽ വർധിപ്പിക്കുവാൻ കഴിഞ്ഞു. കഴിഞ്ഞ ഏഴ് വർഷം 62,000 തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടത്.

വൈദ്യുതി മേഖലയിൽ സാരമായ അഭിവൃദ്ധി ഉണ്ടായി. 400 മെഗാവാട്ട് വൈദ്യുതി 2016- 2021 കാലത്ത് ഉൽപാദിപ്പിക്കാൻ കഴിഞ്ഞു. പ്രസരണരംഗത്ത് സാരമായ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രസരണ വിതരണ സംവിധാനങ്ങൾ ശാക്തീകരിക്കുന്നതിനായി 5200 കോടി രൂപ ചെലവഴിക്കുകയാണ്. ഇടമൺ കൊച്ചി പവർ ഹൈവേയും തൃശ്ശൂർ അരീക്കോട് ലൈനും 400 കെ വി ലൈനും നമുക്ക് പൂർത്തിയാക്കാൻ കഴിഞ്ഞു.

ഇതിനുപുറമേയാണ് വൻകിട പദ്ധതികൾ. അതിനു നമ്മെ സഹായിക്കുന്നത് കിഫ്ബിയാണ്. കിഫ്ബി മുഖേന ഏഴുവർഷംകൊണ്ട് ഭരണാനുമതി കൊടുത്തത് 62,324 കോടി രൂപയ്ക്കാണ്. ആകെ പദ്ധതി 83,000 കോടി രൂപയുടേതാണ്. 20,000 കോടി രൂപ ചെലവഴിച്ചാണ് ഏഴ് വൻകിട പദ്ധതികൾക്കുള്ള



ഭൂമി ഏറ്റെടുക്കുന്നത്. ദേശീയപാതയ്ക്ക് ഭൂമി ഏറ്റെടുക്കാൻ 5580 കോടി രൂപയാണ് കിഫ്ബി വഴി കൊടുത്തത്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് കേന്ദ്ര ഗവൺമെന്റ് കൈയൊഴിഞ്ഞപ്പോൾ അത് ഏറ്റെടുക്കുന്നതിന് 201 കോടി രൂപ കിഫ്ബി സഹായം നാം സ്വീകരിച്ചു. ഇതിനുപുറമേയുള്ള മൂന്ന് വ്യവസായ പാർക്കുകൾ, കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴി, ഗിഫ്റ്റ് സിറ്റി ഇതിനെല്ലാം ഉള്ള ഭൂമി ഏറ്റെടുത്തു. നമ്മുടെ സംസ്ഥാനത്തെ 223 റോഡുകൾ, 91 പാലങ്ങൾ, 57 റെയിൽവേ പാലങ്ങൾ, 15 ഫ്ളൈ ഓവറുകൾ, ഒരു അടിപ്പാത ഇതിനെല്ലാം കൂടി 18,445 കോടി രൂപയാണ് ചെലവ് കണക്കാക്കുന്നത്.

മലയോര ഹൈവേ. 3500 കോടി രൂപ ചെലവഴിച്ചു. തീരദേശ ഹൈവേ 2506 കോടി രൂപ ചെലവഴിച്ചു. വലിയ പദ്ധതിയായ വയനാട് തുരങ്കപാതയ്ക്ക് 20,135 കോടി രൂപ. രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സയൻസ് പാർക്ക് സംവിധാനം നിലവിൽ വന്നു. 1515 കോടി രൂപയാണ് അതിന് ചെലവിടുന്നത്. അതോടൊപ്പം ഇന്ത്യയിൽ ആദ്യത്തെ ഗ്രാഫീൻ സെന്റർ. ഇത് ലോകത്തിന്റെ മുന്നിലുള്ള ഏറ്റവും വലിയ സാധ്യതയാണ്. 86 കോടി രൂപയാണ് അതിന് ചെലവിടുന്നത്. ഫിൽറ്റർ മോഡൽ ഫെസിലിറ്റി 237 കോടി രൂപയാണ് ചെലവഴിക്കുന്നത്. 1611 കോടി രൂപയാണ് കെ ഫോൺ പദ്ധതിക്കായി ചെലവഴിച്ചത്. വിഴിഞ്ഞം തുറമുഖത്തിന് 4600 കോടി രൂപ ചെലവഴിച്ചു. 8000 കോടി രൂപ ചെലവഴിച്ചുകൊണ്ടുള്ള തിരുവനന്തപുരം ഔട്ടർ റിങ്ങ് റോഡ്. അതിൽ സംസ്ഥാനത്തിന്റെ ബാധ്യത അത്രത്തോളം വരും. രാജ്യത്തെ തന്നെ ആദ്യത്തെ വാട്ടർ മെട്രോ നാം യാഥാർഥ്യമാക്കി. 1065 കോടി രൂപയാണ് ഇതിന്റെ ചെലവ്.

ഇതെല്ലാം വലിയ തോതിലുള്ള സാമ്പത്തിക ഞെരുക്കത്തിന്റെ ഇടയിലാണ്. ഒരു ഭാഗത്ത് ദുരന്തങ്ങൾ. മറ്റൊരു ഭാഗത്ത് ഓഖി, നിപ, 2018ലെ പ്രളയം, നൂറ്റാണ്ടിലെ മഹാപ്രളയം, തൊട്ടുപിന്നാലെ വന്ന അതിരൂക്ഷമായ കാലവർഷക്കെടുതി, രണ്ടു വർഷത്തെ വ്യാപകമായ കോവിഡ് മഹാമാരി, ഇതിന്റെ എല്ലാം മുന്നിൽ നാം തകർന്നു വീണു പോകേണ്ടതാണ്. പക്ഷേ നാം തകർന്നില്ല. നാം വീണു പോയില്ല. മാത്രമല്ല നല്ലരീതിയിൽ നമുക്ക് വളരാൻ കഴിഞ്ഞു. ആ വളർച്ച നമ്മുടെ കൺമുന്നിലുള്ള യാഥാർഥ്യമാണ്.

കേരളത്തിന്റെ ആഭ്യന്തര വളർച്ചനിരക്ക് 2016ൽ 9.6 ശതമാനം ആയിരുന്നു.

> **വരുന്ന 25 വർഷം കൊണ്ട് ലോകത്തെ വികസിത രാഷ്ട്രങ്ങളിൽ, മധ്യവരുമാന രാഷ്ട്രങ്ങളിലെ ജീവിതനിലവാരത്തിലേക്ക് കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുക എന്നതാണ് ഉദ്ദേശിക്കുന്നത്**

കഴിഞ്ഞ സാമ്പത്തിക വർഷം അത് 17.6 % ആണ്. 8% ത്തിന്റെ വർധന ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2016ലെ കേരളത്തിന്റെ തനത് വരുമാനം 26 ശതമാനം മാത്രമായിരുന്നു. നമ്മൾ തകർന്നുപോകുന്നു എന്ന് കണക്കാക്കുന്നവരുടെ മുന്നിലാണ് ഈ കണക്ക് വരുന്നത്. ഇപ്പോഴത് 67 ശതമാനം. 26ൽ നിന്ന് 67 ലേക്ക് ഉയർന്നിരിക്കുന്ന നമ്മുടെ തനത് വരുമാനം. മൊത്തം ആഭ്യന്തര ഉൽപാദനം കേരളത്തിന്റേത് 2016ൽ



5,60,000 കോടി രൂപ ആയിരുന്നു. ഇപ്പോഴത്തെ കണക്ക് പ്രകാരം അത് 10,17,000 കോടി രൂപയിൽ എത്തി നിൽക്കുകയാണ്.

കേരളത്തിന്റെ പ്രതിശീർഷ വരുമാനം 2016 ലെ 1,48,000 രൂപയായിരുന്നു. ഇന്നത് 2,28,000 രൂപയാണ്. നമ്മുടെ രാജ്യത്തെ പ്രധാന സംസ്ഥാനങ്ങൾ എടുത്താൽ പ്രതിശീർഷ വരുമാനത്തിൽ ഏറ്റവും മുന്നിലുള്ളത് അഞ്ച് സംസ്ഥാനങ്ങളാണ്. അതിലൊന്ന് കേരളമാണ്. കേരളത്തിന്റെ ആഭ്യന്തര ഉൽപാദനം 2021-22 ൽ 12.1 ശതമാനമായി ഉയർന്നു. കഴിഞ്ഞ സാമ്പത്തികവർഷത്തെ കണക്കെടുത്താൽ നികുതി വരുമാനത്തിൽ 23,000 കോടി രൂപയുടെ വർധനവാണ് ഉണ്ടായത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ആകെ റവന്യൂ വരുമാനത്തിന്റെ 67 ശതമാനവും സംസ്ഥാനത്തിന്റെ തനത് വരുമാനം ആയിരുന്നു.
ഈ സാമ്പത്തിക വർഷം എടുത്താൽ ചെലവുകളുടെ 71 ശതമാനമാണ് സംസ്ഥാനത്തിന് വഹിക്കേണ്ടി വരുന്നത്. അപ്പോൾ കേന്ദ്ര വിഹിതം 29 ശതമാനം മാത്രമാണ്. അതാണ് ഈ സാമ്പത്തിക വർഷം ഉണ്ടാകാൻ പോകുന്നത്. സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന നികുതിവിഹിതത്തിന്റെ ദേശീയ ശരാശരി എടുത്താൽ 45% മാത്രമാണ്. സംസ്ഥാനത്തിന്റെ ആകെ കടമെടുത്താൽ കഴിഞ്ഞ സാമ്പത്തിക വർഷം വാർഷിക വരുമാനത്തിന്റെ 35% ആണ്. കേന്ദ്രസർക്കാരിന്റെ കടം വാർഷികവരുമാനത്തിന്റെ 51% ആണ്. ഇതാണ് കേരളത്തിന്റെ അവസ്ഥ. നാം തകരുകയല്ല. നാം മുന്നോട്ടു കുതിക്കുകയാണ്. നമ്മുടെ സാമ്പത്തികരംഗം മെച്ചപ്പെടുകയാണ്.

വരുന്ന 25 വർഷം കൊണ്ട് ലോകത്തെ വികസിത രാഷ്ട്രങ്ങളിൽ, മധ്യവരുമാന രാഷ്ട്രങ്ങളിലെ ജീവിതനിലവാരത്തിലേക്ക് കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുക എന്നതാണ് ഉദ്ദേശിക്കുന്നത്. അതിന് നമ്മുടെ മുന്നോട്ടുള്ള യാത്രയ്ക്ക് , നവകേരള യാത്രയ്ക്ക്, ഈ നവ കേരള സൃഷ്ടിക്ക് നിങ്ങളുടെ എല്ലാവരുടെയും സഹായങ്ങളും സഹകരണവും പിന്തുണയും ഉണ്ടാകണമെന്ന് അഭ്യർഥിക്കാനാണ് പ്രധാനമായും ഈ യാത്ര സംഘടിപ്പിച്ചത്. ആ പിന്തുണ ഉണ്ടാകണമെന്ന് ഒരിക്കൽ കൂടി അഭ്യർഥിക്കുന്നു.■

# എല്ലാപേർക്കും എല്ലാ ഭൂമിക്കും

**ജനമാണ് സർക്കാർ എന്ന ദർശനത്തിന്റെ സഫലീകരണമാണ് നവകേരള സദസ്സുകളുടെ ലക്ഷ്യം**

നവകേരള നിർമ്മിതിയുടെ ഐതിഹാസികമായ ഒരു ചുവടുവയ്പാണ് നവകേരള സദസ്സുകൾ. രാജ്യത്തിന്റെ ചരിത്രത്തിൽ ഒരു മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാർ ജനങ്ങളുമായി സംവദിക്കുന്നതിനും അവരുടെ ആശയാഭിലാഷങ്ങൾ അറിയുന്നതിനുമായി ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നത് ആദ്യമായിട്ടാണ്. തികച്ചും നൂതനമാണ് കാബിനറ്റ് ഓൺ വീൽസ് എന്ന് വിശേഷിപ്പിക്കാവുന്ന ഈ പരിപാടി .

നവകേരള സദസ്സുകളിൽ പ്രത്യേക ക്ഷണിതാക്കളായി എത്തുന്ന സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ള പ്രമുഖരുമായി മുഖ്യമന്ത്രിയും മന്ത്രിമാരും സംവദിക്കുകയാണ്. സർക്കാരിന്റെ പ്രവർത്തനങ്ങളുടെ അവലോകനം കൂടിയായി ഈ ജനസദസ്സുകൾ ഫലത്തിൽ മാറും. അവിടെ ഉയരുന്ന ചിന്തകളെ, നിർദേശങ്ങളെ ഉൾക്കൊണ്ടായിരിക്കും സർക്കാരിന്റെ ഭാവിപ്രവർത്തനങ്ങൾ.

ജനമാണ് സർക്കാർ എന്ന ദർശനത്തിന്റെ സഫലീകരണമാണ് നവകേരളസദസ്സുകളുടെ ലക്ഷ്യം.



**സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ടാക്കുന്നതിന്റെ ഭാഗമായി 450 വില്ലേജ് ഓഫീസുകൾ സ്മാർട്ട് നിലവാരത്തിലേക്കുയർത്തിയിട്ടുണ്ട്**

# ഭൂമി രേഖ



രണ്ട് വർഷക്കാലത്തിനുള്ളിൽ 1,21,604 പട്ടയങ്ങൾ വിതരണം ചെയ്ത് ചരിത്രം കുറിക്കാനായി.

മലയോര ആദിവാസി മേഖലകളിലെ പട്ടയവിതരണത്തിന് മുൻഗണന നൽകിക്കൊണ്ട് രൂപവൽക്കരിച്ച പട്ടയ മിഷൻ 19.05.2023-ന് നിലവിൽ വന്നു. എം.എൽ.എ-മാരുടെ അധ്യക്ഷതയിൽ നിയോജകമണ്ഡല അടിസ്ഥാനത്തിൽ മുഴുവൻ ജനപ്രതിനിധികളെയും പങ്കെടുപ്പിച്ച് കൊണ്ട് നടത്തിയ പട്ടയ അസംബ്ലികൾ വഴി പട്ടയ പ്രശ്നങ്ങൾ കണ്ടെത്തി അവയ്ക്ക് പട്ടയ മിഷനിലൂടെ പരിഹാരം കണ്ടു വരികയാണ്. ഇതിനായി മന്ത്രി പങ്കെടുത്ത് ഓൺലൈനായി പട്ടയ അദാലത്തുകൾ ജില്ലാ അടിസ്ഥാനത്തിൽ നടത്തി വരുന്നു.

എല്ലാ ഭൂരേഖകളും ഡിജിറ്റലാക്കുന്നതിന്റെ ഭാഗമായി ഡിജിറ്റലായി സർവേ ചെയ്ത 89 വില്ലേജുകളും നിലവിൽ ഡിജിറ്റൽ സർവേ പുരോഗമിക്കുന്ന 27 വില്ലേജുകളും ഒഴികെ ശേഷിക്കുന്ന 1550 വില്ലേജുകൾ ഡിജിറ്റൽ സർവേ ചെയ്യുന്നതിനായി 858.42 കോടി രൂപയുടെ ബൃഹത് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ ഒരു പൗരന് ഒരു തണ്ടപ്പേർ എന്ന ലക്ഷ്യത്തോടെ യൂണിക് തണ്ടപ്പേർ സംവിധാനം. 16.05.2022 ന് ഈ പദ്ധതി നിലവിൽ വന്നു. ഭൂപരിഷ്ക്കരണം കഴിഞ്ഞാൽ വലിയ മാറ്റങ്ങൾക്ക് കാരണമായേക്കാവുന്ന മഹത്തായ പദ്ധതിയാണ് യൂണിക് തണ്ടപ്പേർ സംവിധാനം.

പൊതുജനങ്ങൾക്കും റവന്യൂ ജീവനക്കാർക്കും റവന്യൂ സംബന്ധമായ വിഷയങ്ങളിലുള്ള സംശയ ദൂരീകരണത്തിനായി റവന്യൂ ഇൻഫർമേഷൻ ബ്യൂറോ ആരംഭിച്ചു. 1800-425-5255 എന്ന ടോൾ ഫ്രീ നമ്പറിലൂടെ രാവിലെ 10 മുതൽ വൈകുന്നേരം 5 വരെ സംശയങ്ങളും പരാതികളും സമർപ്പിക്കുന്നതിനായി കോൾ സെന്ററും സ്ഥാപിച്ചു.

ഭൂസംരക്ഷണകാര്യത്തിലും ജനക്ഷേമപ്രവർത്തന ങ്ങളിലും ജനകീയപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പൊതുജനങ്ങളുടെ സഹകരണത്തോടെ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിനും ലക്ഷ്യമിട്ട് വില്ലേജ്തല ജനകീയ സമിതികൾ രൂപീകരിച്ചു.

എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന പ്രഖ്യാപിത ലക്ഷ്യസാക്ഷാത്കാരത്തിനായി ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ പ്രയോജനം എല്ലാ മേഖലകളിലും വ്യാപിപ്പിക്കാൻ തീരുമാനിച്ചു.

സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ടാക്കുന്നതിന്റെ ഭാഗമായി 450 വില്ലേജ് ഓഫീസുകൾ സ്മാർട്ട് നിലവാരത്തിലേക്കുയർത്തിയിട്ടുണ്ട്.

വിഷൻ & മിഷൻ 2021-26 ൽ നിയമസഭാ സമാജികരെ കൂടി പങ്കാളികളാക്കുക, അവരുടെ ക്രിയാത്മക നിർദേശങ്ങൾ സ്വരൂപീകരിക്കുക, റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പരാതികളും ആവശ്യങ്ങളും വേഗത്തിൽ തീർപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ജില്ലാ റവന്യൂ അസംബ്ലി എന്ന സംവിധാനത്തിന് തുടക്കമിട്ടത്.

### നിയമഭേദഗതികൾ

- നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള അധികാരം ഡെപ്യൂട്ടി കളക്ടർമാർക്കു കൂടി നൽകി നിയമഭേദഗതി നിയമസഭ പാസാക്കി.
- പതിച്ചു നൽകിയ ഭൂമി പതിച്ചു നൽകിയ ആവശ്യങ്ങൾക്കല്ലാതെ വിനിയോഗിച്ച കേസുകളിൽ അവ ക്രമീകരിച്ച് നൽകുന്നതിനു ഭൂപതിവ് നിയമത്തിൽ നിയമഭേദഗതി നിയമസഭ പാസാക്കി.
- ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിന് നൽകി വരുന്ന അന്വിറ്റി വർധിപ്പിക്കുന്നതിനായി ശ്രീ പണ്ടാരവക ഭൂമികൾ (നിഷിപ്തമാക്കലും ബന്ധവിമോചനവും) ആക്ടിൽ ഭേദഗതി കൊണ്ടു വന്നു.
- കെട്ടിടനികുതി നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിന് ഏഴ് ഭേദഗതികൾ കൊണ്ടു വന്നു. കേരള കെട്ടിട നികുതി നിയമം ഭേദഗതി നിയമസഭ പാസാക്കി.
- 2002-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ കൊണ്ടുവന്നു. 2022ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിൽ 20, 23 വകുപ്പുകളിൽ ഭേദഗതികൾ കൊണ്ടുവന്നു.

നവ കേരള സദസ്സ്

# എല്ലാവർക്കും കുടിവെള്ളം

കേരള ജല അതോറിറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതി 50 ശതമാനം പൂർത്തിയായത് അഭിമാനകരമാണ്. പദ്ധതിയിലൂടെ സംസ്ഥാനത്തെ കുടിവെള്ളവിതരണമേഖല 50 ശതമാനം ഗ്രാമീണവീടുകളിൽ കുടിവെള്ള കണക്ഷൻ എന്ന ചരിത്ര നേട്ടം കരസ്ഥമാക്കി.

പദ്ധതി അടങ്കലിന്റെയും പദ്ധതി ഘടകങ്ങളുടെയും വിതരണശൃംഖലയുടെയുമെല്ലാം അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി അതിന്റെ ചരിത്രത്തിൽ ഏറ്റെടുക്കുന്ന ഏറ്റവും വലിയ പദ്ധതിയാണ് മീനച്ചിൽ-മലങ്കര പദ്ധതി. 2085 കിലോമീറ്റർ പൈപ്പ്ലൈനും 154 ടാങ്കുകളും ഒറ്റ പദ്ധതിക്കുള്ളിൽ വരുന്നു എന്നതു തന്നെ അപൂർവതയാണ്. ഇതിനു പുറമേയാണ് തീരസംരക്ഷണപ്രവർത്തനങ്ങൾ. അതീവ തീരശോഷണം അഭിമുഖീകരിക്കുന്ന പത്ത് ഹോട്ട് സ്പോട്ടുകളാണ് കണ്ടെത്തിയിട്ടുള്ളത്. എറണാകുളം ചെല്ലാനത്ത് വലിയ മാറ്റം കൊണ്ടുവരാൻ വകുപ്പിന് കഴിഞ്ഞു. ഇത്തരം വലിയ പദ്ധതികൾ സാധ്യമാക്കുന്നതിനായുള്ള തീവ്രയത്നത്തിലാണ് കേരള ജല അതോറിറ്റി.

**വലിയ പദ്ധതികൾ സാധ്യമാക്കുന്നതിനായുള്ള തീവ്രയത്നത്തിലാണ് കേരള ജല അതോറിറ്റി**



**ജലഗുണനിലവാര പരിശോധനാ മേഖലയിൽ, ജലജീവൻ മിഷൻ പദ്ധതി വഴി 8 6 ജലപരിശോധനാ ലാബുകൾക്ക് ദേശീയ ഏജൻസിയായ എൻഎബിഎൽ–ന്റെ അംഗീകാരവും നേടിയെടുക്കാൻ കഴിഞ്ഞു**

# എല്ലായിടവും



നിലവിൽ സംസ്ഥാനത്ത് ആകെയുള്ള 70.82 ലക്ഷം ഗ്രാമീണ വീടുകളിൽ പകുതിയിലും ജലജീവൻ മിഷനിലൂടെ ടാപ്പ് വഴി കുടിവെള്ളം ലഭ്യമാക്കി. ആകെ 35.42 ലക്ഷം ഗ്രാമീണ വീടുകൾക്ക് ടാപ്പ് വഴി കുടിവെള്ളം എന്ന അഭിമാന നേട്ടം.

ലോക ബാങ്കിന്റെ സാമ്പത്തിക സഹായത്തോടുകൂടി ഏകദേശം 5000 കോടി രൂപ മുതൽമുടക്കി അതീവ തീരശോഷണം അഭിമുഖീകരിക്കുന്ന പത്തോളം ഹോട്ട് സ്പോട്ടുകളിൽ തീരസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയാണ് ലക്ഷ്യം.

കേരള വാട്ടർ അതോറിറ്റിയുടെ ചരിത്രത്തിലെ ഏറ്റവും വലിയ കുടിവെള്ള പദ്ധതിയായ 1243 കോടി രൂപയുടെ മീനച്ചിൽ-മലങ്കര പദ്ധതിനിർമ്മാണത്തിന് തുടക്കം കുറിച്ചു.

ജനങ്ങൾക്കുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ എല്ലാ സേവനങ്ങളും ഓൺലൈൻ വഴിയാക്കി മാറ്റിയത് ഈ സർക്കാരിന്റെ നേട്ടങ്ങളിലെ തിളങ്ങുന്ന ഏടാണ്.

ജലഗുണനിലവാര പരിശോധനാമേഖലയിൽ, ജലജീവൻ മിഷൻ പദ്ധതി വഴി 86 ജലപരിശോധനാ ലാബുകൾക്ക് ദേശീയ ഏജൻസിയായ എൻഎബിഎൽ-ന്റെ അംഗീകാരവും നേടിയെടുക്കാൻ കഴിഞ്ഞു.

കെ.എം. മാണി മൈക്രോ ഇറിഗേഷൻ പദ്ധതി കേരളത്തിന്റെ വിവിധ ജില്ലകളിലായി 11 ഇടങ്ങളിൽ തുടക്കം കുറിച്ചു.

ജലസേചന വകുപ്പിന് കീഴിലുള്ള വിനോദസഞ്ചാരസാധ്യതയുള്ള പ്രദേശങ്ങൾ ഈ ലക്ഷ്യത്തോടെ വികസിപ്പിച്ച് പൊതുജനങ്ങൾക്ക് സന്ദർശനത്തിന് അവസരം ഒരുക്കുക എന്ന ആശയം വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരിച്ചുകഴിഞ്ഞു.

ഡാമുകളിൽ അടിഞ്ഞുകൂടിക്കിടക്കുന്ന ചെളിയും എക്കലും ദ്രുതഗതിയിൽ നീക്കാനുള്ള കർമ്മപദ്ധതി രൂപീകരിച്ചുവരുന്നു.

രാജ്യാന്തരനിലവാരത്തിലുള്ള ശുദ്ധീകരണ സംവിധാനത്തോടെ കുറഞ്ഞ വിലയിൽ ഹില്ലി അക്വ വിപണിയിൽ സുലഭമായി ലഭ്യമാക്കി. സ്വകാര്യ കമ്പനികൾ 20 രൂപയ്ക്ക് വിൽക്കുന്ന കുപ്പിവെള്ളം 15 രൂപയ്ക്കാണ് പൊതുവിപണിയിൽ ഹില്ലി അക്വ വിൽക്കുന്നത്.

10 കോടി രൂപ മുതൽ മുടക്കിൽ 10,000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ ആയിരത്തോളം വ്യക്തിഗത ഗുണഭോക്താക്കൾക്ക് ലഭ്യമാക്കി

ഗ്രാമങ്ങളിൽ ജലജീവൻ മിഷനുമായി സർക്കാർ മുന്നേറുമ്പോൾ മുനിസിപ്പാലിറ്റികളിലും നഗരങ്ങളിലും ജലസുരക്ഷ ഉറപ്പാക്കാനായി അമൃത് പദ്ധതിയാണ് സർക്കാർ ഉപയോഗപ്പെടുത്തുന്നത്.

തിരുവനന്തപുരം മെഡിക്കൽ കോളേജിലും കൊച്ചി ഇളംകുളത്തും അഞ്ച് എംഎൽഡി വീതമുള്ള രണ്ട് സ്വിവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ അമൃത് പദ്ധതിക്ക് കീഴിൽ നിർമ്മിച്ച് പ്രവർത്തനസജ്ജമാക്കി.

# വൈദ്യുതി സ്വയംപര്യാപ്ത

സംസ്ഥാനത്തെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കും ആദിവാസി സമൂഹങ്ങൾക്കും കർഷകർക്കും വികസനത്തിന്റെ വെളിച്ചം എത്തിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു





രാജ്യത്തിനാകെ മാതൃകയായി കേരളത്തിന്റെ വൈദ്യുതി ആവശ്യകതയുടെ 50 ശതമാനവും 2027 ഓടു കൂടി പുനരുപയോഗ ഊർജസ്രോതസ്സുകളിൽനിന്ന് കണ്ടെത്താനുള്ള തീവ്രശ്രമമാണ് നടന്നു വരുന്നത്. 2040-ഓടെ 100 ശതമാനം പുനരുപയോഗ ഊർജാധിഷ്ഠിത സംസ്ഥാനമായും 2050-ഓടെ നെറ്റ് കാർബൺ ന്യൂട്രലായും മാറാനുള്ള പ്രവർത്തനങ്ങളാണ് വൈദ്യുതി വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനു പുറമേ, സംസ്ഥാനത്തെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കും ആദിവാസി സമൂഹങ്ങൾക്കും കർഷകർക്കും വികസനത്തിന്റെ വെളിച്ചം എത്തിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു.

**ഹരിത ഊർജ വരുമാന പദ്ധതി–**
**പുരപ്പുറ സൗരോർജ പദ്ധതി**
**പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് കൂടി സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതി**

# കേരളം




സംസ്ഥാനത്തെ ഇതുവരെ വൈദ്യുതി ലഭിക്കാത്ത വനാന്തരങ്ങളിലെ വിദൂര ആദിവാസി ഗോത്ര മേഖലകളിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നു. ഗ്രിഡ് വൈദ്യുതീകരണം സാധ്യമായ 42കോളനികളിൽ 27 കോളനികളുടെ വൈദ്യുതീകരണം കെഎസ്ഇബി പൂർത്തിയാക്കി. ബാക്കി 15 കോളനികളുടെ വൈദ്യുതീകരണം മാർച്ച് 2024ൽ പൂർത്തിയാക്കാനാണ് ലക്ഷ്യം.

ഹരിത ഊർജ വരുമാന പദ്ധതി-പുരപ്പുറ സൗരോർജ പദ്ധതി പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് കൂടി സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതി.

അങ്കണവാടികളിൽ സ്മാർട്ട്കിച്ചൻ നടപ്പിലാക്കുന്ന അംഗൻജ്യോതി പദ്ധതി -സംസ്ഥാനത്തെ 33,115 അങ്കണവാടികളിലെ വിറക്, ഗ്യാസ് എന്നിവ ഉപയോഗിച്ചുള്ള നിലവിലെ പാചകരീതി മാറ്റി പൂർണ്ണമായും വൈദ്യുതി ഉപയോഗിച്ചുള്ള പാചകത്തിലേക്ക് മാറ്റുന്നതിനുള്ള സംവിധാനം ഒരുക്കി.

ട്രാൻസ്ഗ്രിഡ് പദ്ധതി-പ്രതിവർഷം 521 ദശലക്ഷം യൂണിറ്റ്, ഉദ്ദേശം 250 കോടി രൂപയ്ക്ക് തുല്യമായ വൈദ്യുതി നഷ്ടം കുറയ്ക്കുക, വരുന്ന 25 വർഷത്തെ പ്രസരണ ആവശ്യകത നിറവേറ്റുക, വൈദ്യുതി തടസ്സം ഒഴിവാക്കി ഗുണമേന്മയുള്ള വൈദ്യുതി സ്ഥിരതയോടെ ഉപഭോക്താക്കൾക്ക് എത്തിക്കുക എന്നിവ വിഭാവനം ചെയ്യുന്നു.

ഗ്രീൻ ഹൈഡ്രജൻ ഹബ്ബുകൾ- കൊച്ചിയിലും തിരുവനന്തപുരത്തും ഗ്രീൻ ഹൈഡ്രജൻ ഹബ്ബുകൾ സ്ഥാപിക്കുന്നു. 200 കോടി മുതൽമുടക്ക് പ്രതീക്ഷിക്കുന്ന ഹബ്ബുകൾ കേരളത്തെ കാർബൺ ന്യൂട്രൽ ആക്കാൻ ഉപകരിക്കും.

ജലവൈദ്യുത പദ്ധതികൾ: 60 മെഗാവാട്ട് ശേഷിയുള്ള പള്ളിവാസൽ വിപുലീകരണ പദ്ധതി, 40 മെഗാവാട്ട് ശേഷിയുള്ള തോട്ടിയാർ എന്നീ ജലവൈദ്യുത പദ്ധതികൾ ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതാണ്. ഈ പദ്ധതികൾ ഉൾപ്പെടെ 211മെഗാവാട്ട് ശേഷിയുള്ള ഒൻപത് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. 800 മെഗാവാട്ട് ശേഷിയുള്ള ഇടുക്കി രണ്ടാംഘട്ട പദ്ധതിയും 240മെഗാവാട്ട് ശേഷിയുള്ള ലക്ഷ്മി, 700 മെഗാവാട്ട് ശേഷിയുള്ള ഇടുക്കി പമ്പ് സ്റ്റോറേജ് പദ്ധതി, 600 മെഗാവാട്ട് ശേഷിയുള്ള പള്ളിവാസൽ പമ്പ്ഡ് സ്റ്റോറേജ് സ്കീം, ഇടമലയാർ പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള നടപടികൾക്ക് തുടക്കമിട്ടു.

വൈദ്യുതി വാഹനങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക എന്ന സർക്കാർ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലുമായി 63 ഫാസ്റ്റ് ചാർജിങ്ങ് സ്റ്റേഷനുകൾ കെഎസ്ഇബിയും 15 എണ്ണം അനർട്ടും സ്ഥാപിച്ചു. കൂടാതെ കെഎസ്ഇബി എല്ലാ നിയോജകമണ്ഡലങ്ങളിലുമായി 1169 പോൾ മൗണ്ടഡ് ചാർജിങ്ങ് സ്റ്റേഷനുകൾ ഇരുചക്ര, മുച്ചക്രവാഹനങ്ങൾ ചാർജ് ചെയ്യാനായി സ്ഥാപിച്ചിട്ടുണ്ട്.

തിരുവനന്തപുരം നഗരപരിധിയിലെ സാധ്യമായ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സ്മാർട്ട് സിറ്റിയുമായി സഹകരിച്ച് സൗരോർജ വൈദ്യുതിനിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്.

വൈദ്യുതി വിതരണ മേഖലയുടെ നവീകരണവും ശാക്തീകരണവും ലക്ഷ്യമിട്ടുള്ള Revamped Distribution Sector Scheme (RDSS) പദ്ധതി കേന്ദ്ര ധനസഹായത്തോടെ നടപ്പാക്കുന്നു. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന 8205.61കോടി രൂപയുടെ പദ്ധതിക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്.

പി എം കുസും; അഞ്ചേക്കറിൽ താഴെ കൃഷിഭൂമിയുള്ള കർഷകർക്കും കോൾപാടങ്ങളിലും കുസും പദ്ധതി. കർഷക മുതൽമുടക്കില്ലാതെ സൗജന്യമായാണ് പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിലെ 2,30,000 കർഷകരിൽ ഒരു ലക്ഷം കർഷകർക്കാണ് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുള്ളത്.

നവ കേരള സദസ്സ്

# സുസ്ഥിര വനവികസന

**ജനങ്ങളുടെ പ്രശ്നങ്ങൾ അവരോടൊപ്പം സഞ്ചരിച്ചും സംവദിച്ചും പരിഹരിക്കുക എന്നതാണ് സർക്കാരിന്റെ നയം. ഇതിന്റെ ഉദാഹരണമാണ് വനസൗഹൃദസദസ്സ്**

വനം-വന്യജീവി സംരക്ഷണത്തിന് പുതിയ ദിശാബോധം നൽകുന്ന നിരവധി പദ്ധതികൾക്ക് രൂപം നൽകാനും നടപ്പിലാക്കാനും ഈ സർക്കാർ അധികാരത്തിലേറിയശേഷം കഴിഞ്ഞിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനോടൊപ്പം ഇക്കോ സെൻസിറ്റീവ് സോൺ(ബഫർസോൺ) സംബന്ധിച്ച കോടതി നിർദേശങ്ങളിൽ ജനവികാരത്തിനൊപ്പം നിന്നുകൊണ്ട് സമയബന്ധിതമായി നടപടി സ്വീകരിച്ചു. ജനവികാരം സുപ്രീംകോടതിയെ ധരിപ്പിച്ചതിലൂടെ ഒരു കി.മീ നിർബന്ധിത ബഫർസോൺ വേണമെന്ന മുൻ ഉത്തരവിൽ സുപ്രീംകോടതി സമഗ്രമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തു.

ജനങ്ങളുടെ പ്രശ്നങ്ങൾ അവരോടൊപ്പം സഞ്ചരിച്ചും സംവദിച്ചും പരിഹരിക്കുക എന്നതാണ് സർക്കാരിന്റെ നയം. ഇതിന്റെ ഉദാഹരണമാണ് വനസൗഹൃദസദസ്സ്. കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന അപകടകരമായ സ്ഥിതിവിശേഷത്തിൽ നിന്നും കരകയറാനുള്ള ആശയം ഉൾക്കൊണ്ട് സ്വഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായുള്ള നയരേഖ ഇന്ത്യയിൽ ആദ്യമായി രൂപവൽക്കരിക്കുന്ന സംസ്ഥാനമായി കേരളം മാറി.

നബാർഡിന്റെ സഹായത്തോടെ സംസ്ഥാനത്ത് നിർമ്മിച്ച 14 സംയോജിത ചെക്ക്പോസ്റ്റുകൾ പ്രവർത്തനം ആരംഭിച്ചു. വനം ഇക്കോ ടൂറിസം അതോറിറ്റിയും ഇക്കോ ടൂറിസം ഡയറേക്ടറേറ്റും രൂപവൽക്കരിക്കാൻ നടപടികൾ ആരംഭിച്ചു.



**വനം കൈയേറ്റം തടയുന്നതിനും വനാതിർത്തി സംരക്ഷിക്കുന്നതിനുമായി 2022–23 സാമ്പത്തിക വർഷത്തിൽ 274.070 കി.മീറ്ററിലായി 1379 ജണ്ടകൾ നിർമ്മിച്ചു.**

# മാതൃകകൾ






നവകിരണം പദ്ധതി: വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസി ഇതര സമൂഹത്തിപ്പെട്ട 771 കുടുംബങ്ങൾക്ക് സർക്കാരിന്റെ കഴിഞ്ഞ രണ്ടുവർഷ കാലയളവിൽ റീബിൽഡ് കേരള-കിഫ്ബി സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി (നവകിരണം) മുഖേന 92.25 കോടി അനുവദിച്ച് പുനരധിവാസത്തിന് സാഹചര്യം ഒരുക്കി. പുനരധിവസിപ്പിക്കപ്പെട്ടവരുടെ തൊഴിൽ പരിശീലനത്തിനായി 25,000 രൂപ വരെ വനം വകുപ്പ് വിനിയോഗിക്കുന്നതാണ്.

ആദിവാസി വിഭാഗത്തിലുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വനം വകുപ്പിൽ 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തിക സൃഷ്ടിച്ച് നിയമന നടപടികൾ സ്വീകരിച്ചു.

പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 261 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചു.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പരിഹാരമാർഗങ്ങൾ അടങ്ങിയ 620 കോടി രൂപ ചെലവ് വരുന്ന അഞ്ച് വർഷ കാലയളവിലേക്കുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും തടയുന്നതിനും എട്ട് സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീമുകളും ഏഴ് താൽക്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകളും രൂപീകരിച്ചു.

വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികജാതി -പട്ടികവർഗക്കാർക്കായി 18,18,750 രൂപ പ്രീമിയം അടച്ച് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പരിക്കേൽക്കുന്നതും രോഗം ബാധിക്കുന്നതുമായ വന്യമൃഗങ്ങളെ ചികിത്സിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി സംസ്ഥാനത്തെ ആദ്യത്തെ വന്യമൃഗ പരിചരണ സംരക്ഷണ കേന്ദ്രം വയനാട്ടിൽ പ്രവർത്തനം ആരംഭിച്ചു.

വനം കൈയേറ്റം തടയുന്നതിനും വനാതിർത്തി സംരക്ഷിക്കുന്നതിനുമായി 2022-23 സാമ്പത്തിക വർഷത്തിൽ 274.070 കി.മീറ്ററിലായി 1379 ജണ്ടകൾ നിർമ്മിച്ചു. 2023-24 സാമ്പത്തിക വർഷത്തിൽ 1284.434 കി.മീറ്ററിലായി 6000 ജണ്ടകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

ചന്ദനക്കൃഷി ആരംഭിക്കുന്നതിനും ചന്ദനമരം മുറിക്കുന്നതിനും നിയമവ്യവസ്ഥകളിൽ ഇളവ് നൽകി. ചന്ദനത്തിന്റെ വെള്ള ഫയർ ബ്രിക്കറ്റാക്കി വിറ്റഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

വന്യജീവി ആക്രമണം മൂലമുള്ള നഷ്ടപരിഹാരം ലഭിക്കാൻ സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റ് തന്നെ വേണമെന്ന വ്യവസ്ഥകളിൽ ഭേദഗതി വരുത്തി. വന്യജീവി ആക്രമണം മൂലമുള്ള മരണത്തിന് രണ്ട് ലക്ഷം മുതൽ 10 ലക്ഷം വരെയാണ് നഷ്ടപരിഹാരം നൽകുന്നത്.

തൃശ്ശൂർ ജില്ലയിലെ പുത്തൂരിൽ ആരംഭിക്കുന്ന സുവോളിക്കൽ പാർക്കും തിരുവനന്തപുരം കോട്ടൂർ ആന പുനരധിവാസ കേന്ദ്രവും 2024 ആദ്യം സന്ദർശകർക്കായി തുറന്നുകൊടുക്കും.

കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയിൽ ഫോറസ്റ്റ് മ്യൂസിയം പ്രവർത്തനം ആരംഭിച്ചു. കോഴിക്കോട് ടൈഗർ സഫാരി പാർക്ക് ആരംഭിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി.

# വിഴിഞ്ഞം സ്വപ്ന

**കേരളത്തിന്റെ സ്വപ്നപദ്ധതിയുടെ ഒന്നാം ഘട്ടം 2024 മെയ് മാസത്തിൽ കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്നാണ് പ്രതീക്ഷ**

കേരളത്തിന്റെ വികസന മുന്നേറ്റത്തിന്റെ ഭാഗമായി പുതിയ പാത തുറന്ന് വിഴിഞ്ഞം രാജ്യാന്തര തുറമുഖത്ത് ആദ്യ കപ്പൽ 2023 ഒക്ടോബർ 15 ന് നങ്കൂരമിട്ടു. രാജ്യത്തെ ചരക്ക് നീക്കത്തിൽ നിർണ്ണായക സാന്നിധ്യമായി വിഴിഞ്ഞം മാറുമെന്ന പ്രതീക്ഷയോടെ തുറമുഖത്ത് ആദ്യ കപ്പലെത്തിയപ്പോൾ പതിറ്റാണ്ടുകളായി കേരളം കണ്ട സ്വപ്നത്തിന്റെ സാക്ഷാത്കാരമാണ് പൂർത്തിയായത്. ഇന്ത്യയിലെ ആദ്യത്തെ ആഴക്കടൽ മെഗാകണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ ആണ് വിഴിഞ്ഞത്തു പൂർത്തിയാകുന്നത്.

7700 കോടി രൂപ മുതൽ മുടക്കിൽ PPP അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന വിഴിഞ്ഞം തുറമുഖത്തിന്റെ 2350 മീറ്റർ പുലിമുട്ടിന്റെ നിർമ്മാണം പൂർത്തിയാക്കിയാണ് ആദ്യ ചരക്ക കപ്പൽ തീരമണഞ്ഞത്. ഗേറ്റ് കോപ്ലക്സിന്റെയും, വർക് ഷോപ്പ് ബിൽഡിങ്ങിന്റെയും നിർമ്മാണം പൂർത്തിയായി. വിഴിഞ്ഞം നിവാസികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് 50 കോടി രൂപ ചെലവിൽ അസാപ് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പണി പൂർത്തിയായി. കേരളത്തിന്റെ സ്വപ്നപദ്ധതിയുടെ ഒന്നാം ഘട്ടം 2024 മെയ് മാസത്തിൽ കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്നാണ് പ്രതീക്ഷ.

## കൊല്ലം തുറമുഖത്ത് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും ഗേറ്റ് കോപ്ലക്സും

സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിൽ ബേപ്പൂർ കഴിഞ്ഞാൽ ഏറ്റവും പ്രാധാന്യമുള്ള തുറമുഖമാണ് കൊല്ലം. ഇവിടെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി 105 മീറ്റർ നീളത്തിൽ ബർത്തിന്റെ നിർമ്മാണം പൂർത്തിയാക്കി. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും ഗേറ്റ് കോപ്ലക്സിന്റെയും നിർമ്മാണം പൂർത്തിയായി വരുന്നു.

## ബേപ്പൂർ തുറമുഖത്തിന്റെ ആഴം വർധിപ്പിക്കുവാൻ നടപടി

2022-23 സാമ്പത്തിക വർഷം 15 കോടി രൂപ മുടക്കി ഡ്രഡ്ജിങ്ങ് ആരംഭിച്ചു. പടിപടിയായി തുറമുഖത്തെ ആഴം അഞ്ചരമീറ്ററായി വർധിപ്പിക്കുവാനും പദ്ധതിയുണ്ട്. ഇതോടെ വലിയ ചരക്കുകപ്പലുകൾക്ക് തുറമുഖത്തേക്ക് എത്താനാകും. ലക്ഷദ്വീപിലേക്കുള്ള ചരക്കുനീക്കം സുഗമമാക്കുവാൻ പുതിയ വാർഫ് നിർമ്മിക്കുന്നതിന് ചെന്നൈ ഐ.ഐ.ടിയുടെ സഹായത്തോടെ ഡി.പി.ആർ തയ്യാറാക്കി വരികയാണ്.

അഴീക്കലിൽ ഗ്രീൻഫീൽഡ് തുറമുഖത്തിനുള്ള ഡിപിആർ തയ്യാറാക്കി. മൂന്ന് ഘട്ടങ്ങളിലായി നിർമ്മിക്കുന്ന പദ്ധതിക്ക് 5400 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

ആദിവാസി ഗോത്രസമൂഹത്തിന്റെ ജീവിതസാഹചര്യങ്ങൾ തുടങ്ങി ജില്ലയുടെ സമഗ്രമായ ചരിത്രം പ്രതിപാദിക്കുന്ന മനോഹരമായ മ്യൂസിയം വയനാട് കുങ്കിച്ചിറയിൽ 2023 ഒക്ടോബറിൽ നാടിന് സമർപ്പിച്ചു. കണ്ണൂർ ജില്ലയിലെ ബർണശേരിയിൽ മൂന്ന് കോടി മുതൽമുടക്കിൽ കൈത്തറി മ്യൂസിയം സ്ഥാപിച്ചു.

തിരുവനന്തപുരത്ത് നവീകരിച്ച രാജാരവിവർമ്മ ആർട്ട് ഗ്യാലറി 2023 ഒക്ടോബറിൽ ഉദ്ഘാടനം ചെയ്തു. 7.9 കോടി രൂപയാണ് ചെലവ്.



# സാഫല്യത്തിലേക്ക്



ആറ്റിങ്ങൽ കൊട്ടാരം പുനർനിർമ്മാണം-94 ലക്ഷം രൂപ ചെലവിൽ കൊട്ടാരത്തിന്റെ മുഖമണ്ഡപം അതിന്റെ പൗരാണികത്വം സംരക്ഷിച്ച് പുനർനിർമ്മിച്ചു. നാലുകെട്ടിന്റെയും മറ്റ് കെട്ടിടങ്ങളുടെയും പുനർനിർമ്മാണം പൂർത്തീകരിച്ചുവരുന്നു.

ചാലക്കുടി ട്രാംവെ മ്യൂസിയം-പശ്ചിമഘട്ട മലനിരകളിൽ നിന്ന് മരങ്ങളുൾപ്പെടുന്ന വന ഉൽപന്നങ്ങൾ കൊണ്ടുവരുന്നതിന് ബ്രിട്ടീഷുകാർ സ്ഥാപിച്ച ട്രാംവെയുടെ അവശിഷ്ടങ്ങൾ ഉൾപ്പെടുത്തി മ്യൂസിയം സജ്ജീകരണത്തിനുള്ള നടപടികൾആരംഭിച്ചു.

## മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരണം

മലപ്പുറം തിരൂരങ്ങാടിയിലുള്ള ചരിത്രപ്രസിദ്ധമായ ഹജ്ജൂർ കച്ചേരി മന്ദിരം 54 ലക്ഷം രൂപ ചെലവിൽ നവീകരിച്ച് രണ്ട് കോടി രൂപ ചെലവിൽ മികച്ച പ്രദർശന സംവിധാനം ഒരുക്കി 2023 ഒക്ടോബറിൽ നാടിന് സമർപ്പിച്ചു. കോഴിക്കോടിന്റെ ചരിത്രം പറയുന്ന മ്യൂസിയം കോർപ്പറേഷൻ പൈതൃകമന്ദിരത്തിൽ സ്ഥാപിക്കുന്നു.

തിരുവിതാംകൂറിന്റെ തലസ്ഥാനമായിരുന്ന പത്മനാഭപുരം കൊട്ടാരത്തിൽ തിരുവിതാംകൂറിന്റെയും കേരളസംസ്ഥാനത്തിന്റെയും ചരിത്രം പ്രതിപാദിക്കുന്ന മ്യൂസിയം സജ്ജീകരിക്കുന്നതിന് നടപടി ആരംഭിച്ചു. അടുത്ത വർഷം പൊതുജനങ്ങൾക്ക് തുറന്നുനൽകാൻ കഴിയും.

തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സിലെ താളിയോല മ്യൂസിയം സാധാരണക്കാർക്കും വിദ്യാർഥികൾക്കും ഗവേഷകർക്കും ലഭ്യമാക്കുന്ന തരത്തിൽ നാടിന് സമർപ്പിച്ചു.

കോഴിക്കോട് മേഖലാ ആർക്കൈവ്സ് കുന്ദമംഗലം മിനി സിവിൽ സ്റ്റേഷനിൽ ഉദ്ഘാടനം ചെയ്തു.



# കൂടുതൽ ജനകീയം

പ്രതിസന്ധികളിലൂടെ കടന്നുപൊയ്ക്കൊണ്ടി രിക്കുന്ന കാലഘട്ടത്തിൽ നൂതനമായ ആശയങ്ങൾ കൊണ്ട് കെ എസ് ആർ ടി സി വരുമാനം വർധിപ്പിക്കുവാനുള്ള ശ്രമത്തിലാണ് സർക്കാർ

സംസ്ഥാനത്തെ പൊതുഗതാഗത മേഖലയ്ക്ക് ഉണർവേകിയ കാലയളവാണ് ഇത്. പൊതുഗതാഗതമേഖലയുടെ സർവതോന്മുഖമായ പുരോഗതിക്ക് ക്രിയാത്മകമായ നിരവധി പദ്ധതികളാണ് ഗതാഗതവകുപ്പ് ആവിഷ്കരിച്ചിരിക്കുന്നത്. പൊതുയാത്രാസംവിധാനത്തെ കാലികമായി പരിഷ്കരിച്ച് പുത്തൻ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് സംസ്ഥാനസർക്കാർ. പ്രതിസന്ധികളിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ നൂതനമായ ആശയങ്ങൾകൊണ്ട് കെ എസ് ആർ ടി സി വരുമാനം വർധിപ്പിക്കുവാനുള്ള ശ്രമത്തിലാണ് സർക്കാർ. കെഎസ്ആർടിസി ബജറ്റ് ടൂറിസം പദ്ധതി ആരംഭിച്ചതും  ഗതാഗത യോഗ്യമല്ലാത്ത ബസ് രൂപമാറ്റം വരുത്തി വിനോദ സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യമൊരുക്കിയതും  16 മണിക്കൂറിനുള്ളിൽ കേരളത്തിൽ എവിടെയും പാഴ്സലുകൾ എത്തിക്കുന്ന കൊറിയർ സംവിധാനം കെഎസ്ആർടിസിയിൽ ആരംഭിച്ചതുമെല്ലാം ഇതിന്റെ ഭാഗമായാണ്.  പൊതുമേഖല എണ്ണ കമ്പനികളുമായി ചേർന്ന് പൊതുജനങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽ നിന്ന് ഇന്ധന വിതരണം നടത്തുന്ന പദ്ധതിയും യാത്രാ ഫ്യൂവൽസ് എന്ന പേരിൽ തുടങ്ങി. വിവിധ സ്ഥലങ്ങളിലെ ബസ് സ്റ്റാൻഡുകൾ ആധുനിക രീതിയിൽ നവീകരിച്ചും ബസ് ഡിപ്പോകളിലെ ടോയിലറ്റ് സൗകര്യം മികച്ചതാക്കിയും സൗകര്യങ്ങൾ വർധിപ്പിച്ചു.

മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങളെല്ലാം ഓൺലൈൻ ആക്കി. ഏഴിലധികം സുരക്ഷാ ഫീച്ചറുകൾ ഉൾപ്പെടുത്തി PVC PETG ഡ്രൈവിങ്ങ്  ലൈസൻസുകൾ ആധുനീകരിച്ചു. വാഹനങ്ങളുടെ രജിഷ്ട്രേൻ സർട്ടിഫിക്കറ്റ് സ്മാർട്ട് കാർഡ് രൂപത്തിലാക്കി. അന്താരാഷ്ട്ര ഡ്രൈവിങ്ങ് പെർമിറ്റ് ഓൺലൈൻ മോഡിലാക്കി. ഡ്രൈവിങ്ങ് ലൈസൻസിനു വേണ്ട നേത്ര പരിശോധനാസർട്ടിഫിക്കറ്റുകൾ ഡോക്ടർമാർക്ക് ഓൺലൈനായി സമർപ്പിക്കുവാനുള്ള സംവിധാനമൊരുക്കി. ഭിന്നശേഷിക്കാരുടെ യാത്രാ ബുദ്ധിമുട്ട് പരിഗണിച്ച് ലേണേഴ്സ് ഡ്രൈവിങ്ങ് ടെസ്റ്റ് അവരുടെ താമസ സ്ഥലത്ത് നടത്തുവാൻ സൗകര്യമൊരുക്കി. ആദിവാസികൾക്ക് ലൈസൻസ് നേടാനായി സൗജന്യ ഡ്രൈവിങ്ങ് പരിശീലനം നൽകുന്ന ഗോത്രസാരഥി പദ്ധതി ആരംഭിച്ചു. സ്കൂൾ ബസുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ രക്ഷിതാക്കൾക്ക് അറിയുവാൻ 'വിദ്യാവാഹിനി' മൊബൈൽ ആപ് വികസിപ്പിച്ചു. പൊതുജനങ്ങളെ വൈദ്യുതവാഹനങ്ങൾ ഉപയോഗിക്കുവാൻ പ്രോത്സാഹിപ്പിക്കൽ, വൈദ്യുതവാഹനങ്ങൾക്കായുള്ള ചാർജിങ്ങ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, ഹരിത ഇന്ധനങ്ങളെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കൽ തുടങ്ങിയവ ലക്ഷ്യമാക്കി  ഇ- മൊബിലിറ്റി പദ്ധതി നടപ്പിലാക്കി വരുന്നു.



**അതിദരിദ്ര വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് വിദ്യാലയങ്ങളിലേക്കുള്ള ബസ് യാത്ര  സൗജന്യമാക്കി**

# നവീനം



ദീർഘദൂര സർവീസുകൾ കാര്യക്ഷമമാക്കുന്നതിന് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് രൂപവൽക്കരിച്ചു.

തിരുവനന്തപുരം നഗരത്തിൽ ഇലക്ട്രിക് സിറ്റി സർവീസ് ബസ്സുകൾ ആരംഭിച്ചു. സിറ്റി സർക്കുലർ, സിറ്റി റേഡിയൽ, സിറ്റി ഷട്ടിൽ സർവീസുകൾ തുടങ്ങി.

ഉൾപ്രദേശങ്ങളിലെ യാത്ര സുഗമമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ഇന്ത്യയിലാദ്യമായി ഗ്രാമവണ്ടി സർവീസുകൾ ആരംഭിച്ചു.

ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുന്നതിനായി സ്മാർട്ട് ട്രാവൽ കാർഡ് നിലവിൽ വന്നു.

കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ വിവിധ വിനോദസഞ്ചാരകേന്ദ്രങ്ങൾ കൂട്ടിയിണക്കി മിതമായ നിരക്കിൽ ടൂർ പാക്കേജുകൾ നല്കുന്ന പദ്ധതിയായ കെഎസ്ആർടിസി ബജറ്റ് ടൂറിസം പദ്ധതി ആരംഭിച്ചു.

സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കി.

റോഡ് സുരക്ഷയ്ക്ക് കേരളത്തിൽ ഉടനീളം എ. ഐ ക്യാമറകൾ സ്ഥാപിച്ചു. ഇതുമൂലം റോഡപകടങ്ങളും മരണങ്ങളും ഗണ്യമായി കുറഞ്ഞു.

അതിദരിദ്ര വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് വിദ്യാലയങ്ങളിലേക്കുള്ള ബസ് യാത്ര സൗജന്യമാക്കി.

ഇ-മൊബിലിറ്റി പ്രോത്സാഹിപ്പിക്കുന്നതിനായി ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് ആദ്യ അഞ്ച് വർഷം നികുതിയിളവ് നല്കി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഇലക്ട്രിക് ഓട്ടോറിക്ഷ ഉടമകൾക്ക് 30,000/ രൂപ വീതം സബ്സിഡി അനുവദിച്ചു.

90 യാത്രക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന രണ്ട് ഡബിൾ ഡെക്കർ പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകൾ ഉപയോഗിച്ച് ജലഗതാഗതവകുപ്പ് സീ-കുട്ടനാട് എന്ന പേരിൽ സർവീസ് ആരംഭിച്ചു.

# മികവോടെ കളി

**അഞ്ച് ലക്ഷം കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്നതിനുള്ള വിപുലമായ ഗോൾപരിശീലന പദ്ധതിക്കു തുടക്കമായി**

കായികമേഖലയിൽ നമ്മുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞു കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന പ്രവർത്തനങ്ങൾക്കാണ് ഈ സർക്കാർ മുൻകൈ എടുക്കുന്നത്. കിഫ്ബി ഫണ്ടും കായികവകുപ്പിന്റെ തനത് ഫണ്ടും ഉൾപ്പെടെ 1600 കോടി രൂപയുടെ അടിസ്ഥാന സൗകര്യവികസനമാണ് കായികമേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. മികച്ച അടിസ്ഥാനസൗകര്യങ്ങളോടെ ഉന്നതനിലവാരത്തിലുള്ള മികച്ച കായികതാരങ്ങളെ കണ്ടെത്തുന്നതിനും പരിശീലിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

- മുഴവൻ പഞ്ചായത്തിലും കളിക്കളം പദ്ധതി. ആദ്യഘട്ടം 113 പഞ്ചായത്തിലാണ് കളിക്കളം ഒരുക്കുന്നത്. നാല് സ്ഥലങ്ങളിൽ പ്രവൃത്തി തുടങ്ങി.
- സംസ്ഥാനത്ത് ആദ്യമായി കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുതല സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചത് വലിയ മാറ്റത്തിനിടയാക്കും.
- അഞ്ച് ലക്ഷം കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്നതിനുള്ള വിപുലമായ ഗോൾപരിശീലന പദ്ധതിക്കു തുടക്കമായി. ആദ്യഘട്ടത്തിൽ 1000 കേന്ദ്രങ്ങളിലായി ഒരു ലക്ഷം പേർക്ക് പരിശീലനം നൽകി. കൂടുതൽ വിദഗ്ധപരിശീലനത്തിന് 140 നിയോജകമണ്ഡലങ്ങളിൽ ഓരോ കേന്ദ്രം തുടങ്ങി.
- അത്‌ലറ്റിക്സ് പരിശീലനത്തിന് സ്കൂളുകളിൽ സ്പ്രിന്റ് എന്ന പരിശീലന പദ്ധതി ഈ അധ്യയന വർഷം ആരംഭിച്ചു.
- കായിക ഡയറക്ടറേറ്റിന്റെയും സ്പോർട്സ് കൗൺസിലിന്റെയും നേതൃത്വത്തിൽ ആരംഭിച്ച മൂന്ന് ഫുട്ബോൾ അക്കാദമികളിൽ രണ്ടെണ്ണം പെൺകുട്ടികൾക്കു മാത്രം..
- ആയോധനകലകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മലയാള സർവകലാശാലയുമായി ചേർന്ന് കളരിപ്പയറ്റിനു പുതിയ പദ്ധതി തയ്യാറാക്കി വരുന്നു.
- വിവിധ സ്കൂളുകളിലെ വിദ്യാർഥികളുടെ ആരോഗ്യവും കായികക്ഷമതയും നിർണ്ണയിക്കുന്ന ഫിറ്റ്നസ് അസസ്മെന്റ് ക്യാംപെയ്ൻ തുടങ്ങി.
- എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ണർഷിപ്പ്- കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് വിദേശ സർക്കാരുകളുമായി സഹകരണം ശക്തമാക്കുകയാണ് സംസ്ഥാനം. നെതർലൻഡ്സ് ഫുട്ബോൾ അസോസിയേഷനും നെതർലൻഡ്സിലെ ബൊവ്‌ലാൻഡർ ഫൗണ്ടേഷനുമായി ചേർന്ന് ഫുട്ബോൾ, ഹോക്കി പരിശീലന പദ്ധതി ആരംഭിച്ചു. കായികമേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിന്റെ



# കളങ്ങൾ



ഭാഗമായി കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങൾ ഉൾപ്പെടെ 58 പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇതിൽ 120 കോടിയുടെ 12 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 460 കോടി രൂപയുടെ 23 കിഫ്ബി പദ്ധതികൾ പുരോഗമിച്ചുവരികയാണ്.

## ന്യൂനപക്ഷക്ഷേമം

- സി.എ, സി.എം. എ, സി.എസ് കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് 15,000/ രൂപ സ്കോളർഷിപ്പ്. 2022-23 വർഷത്തിൽ 28.62 ലക്ഷംരൂപ ചെലവഴിച്ചു.
- സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങളിൽ എൻ.സി.ആർ.റ്റി. മുഖേന നടക്കുന്ന പരീക്ഷയ്ക്ക് ന്യൂനപക്ഷ വിദ്യാർഥികളെ പ്രാപ്തരാക്കുന്ന പദ്ധതി പ്രകാരം 2021-22 -ൽ 2.40ലക്ഷംരൂപ ചെലവഴിച്ചു.
- ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിൽ PGD-GST കോഴ്സിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് 15000/രൂപ പ്രതിവർഷ സ്കോളർഷിപ്പ്.
- SSLC, THSLC, VHSE, Plus Two എസ്എസ്എൽസി, ടിഎച്ച്എസ്എൽസി, വിഎച്ച്എസ്ഇ, ഹയർസെക്കൻഡറി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ്, ബിരുദം (80% മാർക്ക്) ബിരുദാനന്തര ബിരുദം (75% മാർക്ക്) നേടുന്ന വിദ്യാർഥികൾക്കു തുടർപഠന സഹായത്തിനുള്ള സ്കോളർഷിപ്പ്. 2022-23 ൽ 4248 പേർക്ക് 462 ലക്ഷംരൂപ സ്കോളർഷിപ്പ് നൽകി.
- സിവിൽസർവീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർഥികൾക്ക് കോഴ്സ് ഫീ/ഹോസ്റ്റൽ ഫീ-റീ ഇംബേഴ്സ് ചെയ്യുന്നു. 2022-23 ൽ 55 പേർക്ക് 10.46 ലക്ഷംരൂപ സ്കോളർഷിപ്പ് നൽകി. യു.ജി.സി/ സി.എസ്.ഐ.ആർ-ജെ.ആർ.എഫ് പരിശീലനം. 2022-23ൽ 14.91 ലക്ഷം രൂപ ചെലവഴിച്ചു.
- സർക്കാർ/ എയ്ഡഡ്/ സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സുകളിലെ വിദ്യാർഥികൾക്ക് പ്രതിവർഷം 6000/ രൂപ സ്കോളർഷിപ്പ്. 2022-23-ൽ 411 പേർക്ക് 24.66 ലക്ഷംരൂപ സ്കോളർഷിപ്പ് നൽകി.
- ഗവ.നഴ്സിങ് കോളേജുകളിലെ നഴ്സിങ്ങ് ഡിപ്ലോമ, പാരാമെഡിക്കൽ ഡിപ്ലോമ വിദ്യാർഥികൾക്ക് പ്രതിവർഷം 15,000/ രൂപ സ്കോളർഷിപ്പ്. 2022-23 ൽ 388 പേർക്ക് 58.30 ലക്ഷംരൂപ സ്കോളർഷിപ്പ് നൽകി.
- വിദേശയൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന വിദ്യാർഥികൾക്കായുള്ള സ്കോളർഷിപ്പ് പദ്ധതി. 2022-23 ൽ വായ്പ പലിശ ഇനത്തിൽ 73 പേർക്കായി 53.44 ലക്ഷം രൂപ സ്കോളർഷിപ്പ് നൽകി.
- ന്യൂനപക്ഷ മതവിഭാഗങ്ങളിലെ നിർധനവിധവകൾക്കും വിവാഹബന്ധം വേർപെടുത്തിയവരും ഉപേക്ഷിക്കപ്പെട്ടവരുമായ വനിതകൾക്കും ഭവനനിർമ്മാണത്തിനും പുനരുദ്ധാരണത്തിനും ധനസഹായം. 2022-23 ൽ 355.28ലക്ഷം രൂപ ചെലവഴിച്ചു.
- സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ ഹജ്ജ് ഹൗസിനോടു ചേർന്ന് വനിതാതീർഥാടകർക്കായി 2888.70 ച.മി വിസ്തൃതിയിൽ പ്രത്യേകകെട്ടിടം. ഒരേസമയം 300 ലധികം പേർക്ക് താമസിക്കാം.

നവ കേരള സദസ്സ്

# എല്ലാവർക്കും

മുഴുവൻ ആളുകൾക്കും മതിയായ ഭക്ഷണം എന്ന ലക്ഷ്യം നേടിക്കഴിഞ്ഞു. എല്ലാവർക്കും മതിയായ പോഷകം എന്ന ലക്ഷ്യത്തിലേക്ക് നീങ്ങുകയാണ് നവകേരളം





ഈ സർക്കാർ ചുമതല ഏറ്റെടുത്ത ശേഷം ഭക്ഷ്യ-പൊതുവിതരണ വകുപ്പിൽ ചടുലമായ പ്രവർത്തനങ്ങളിലൂടെ നിരവധി മാറ്റങ്ങൾ കൊണ്ടുവരുന്നതിനും ഈ രംഗത്ത് നൂതനമായ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനും സാധിച്ചു എന്നത് അഭിമാനകരമാണ്.

മുഴുവൻ ഗുണഭോക്താക്കളെയും ആധാറുമായി ബന്ധിപ്പിച്ച ആദ്യ സംസ്ഥാനമാണ് ഇന്ന് കേരളം. എൻ.എഫ്.എസ്.എ നിയമം പൂർണ്ണമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യധാന്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് കേരളത്തിലെ 83 താലൂക്കുകളിലും ശാസ്ത്രീയ ഗോഡൗണുകൾ നിർമ്മിക്കുക എന്നത് ഭക്ഷ്യവകുപ്പ് ലക്ഷ്യമാക്കുന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങളിലൊന്നാണ്. ഇ-പോസ് മെഷീനും ത്രാസുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങളും ത്വരിതപ്പെടുത്തിവരുന്നു. മുഴുവൻ ആളുകൾക്കും മതിയായ ഭക്ഷണം എന്ന ലക്ഷ്യം നേടിക്കഴിഞ്ഞു. എല്ലാവർക്കും മതിയായ പോഷകം എന്ന ലക്ഷ്യത്തിലേക്ക് നീങ്ങുകയാണ് നവകേരളം.

**സംസ്ഥാനത്തെ 139 ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻകടകൾ**

# ഭക്ഷ്യഭദ്രത



കേരളത്തിൽ അനർഹമായി മുൻഗണനാറേഷൻ കാർഡുകൾ കൈവശം വച്ചിരുന്ന 1,24,311 പേർ സ്വമേധയാ സറണ്ടർ ചെയ്തു. 3,66,397 മുൻഗണനാ റേഷൻകാർഡുകൾ തരംമാറ്റി വിതരണം ചെയ്തു. അനർഹർ കൈവശം വെച്ചിട്ടുള്ള മുൻഗണനാകാർഡുകൾ പിടിച്ചെടുക്കുന്നതിന് ഓപ്പറേഷൻ 'യെല്ലോ' പദ്ധതി നടപ്പാക്കി.

എല്ലാവർക്കും ഭക്ഷ്യ ഭദ്രത-എല്ലാവർക്കും റേഷൻ കാർഡ് പദ്ധതി നടപ്പിലാക്കി. സംസ്ഥാനത്ത് 4,04,195 പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തു.

റേഷൻ കാർഡുകൾ പോക്കറ്റിൽ സൂക്ഷിക്കാൻ സാധിക്കുന്ന തരത്തിൽ പി.വി.സി. റേഷൻ കാർഡുകൾ നടപ്പിലാക്കി.

വിശപ്പുരഹിത കേരളം-സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചു.

സംസ്ഥാനത്തെ 139 ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻകടകൾ.

സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ വിപണി ഇടപെടലിന് ശക്തമായ നടപടി. 13 ഇനം നിത്യോപയോഗ സാധനങ്ങൾ 2016 ലെ വിലയ്ക്ക് വിതരണംചെയ്യുന്നു.

റേഷൻകടകൾ നവീകരിച്ച് ആധുനിക സൗകര്യങ്ങളോടെ കൂടുതൽ സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിന് കെ-സ്റ്റോറുകൾ ആരംഭിച്ചു.

ലീഗൽ മെട്രോളജി വകുപ്പിൽ തെർമോമീറ്റർ, കാലിബറേഷൻ, വാട്ടർ മീറ്റർ കാലിബറേഷൻ, ഫ്ലോ മീറ്റർ കാലിബറേഷൻ, സ്പിഗ്മോമാനോമീറ്റർ കാലിബറേഷൻ എന്നീ ലബോറട്ടറികളുടെ പ്രവർത്തനം ആരംഭിച്ചു.

ഓപ്പറേഷൻ ക്ഷമത, ഓപ്പറേഷൻ ജാഗ്രത പദ്ധതികൾ ആരംഭിച്ചു.

സംസ്ഥാനത്ത് നെല്ല് സംഭരണം ഊർജിതമാക്കി. 2022-23 ൽ 7.5 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു. ഒരു കിലോ നെല്ലിന് 28 രൂപ 20 പൈസ ഉറപ്പുവരുത്തി രാജ്യത്തെ ഏറ്റവും ഉയർന്ന വില നൽകുന്ന സംസ്ഥാനമായി കേരളം.

# സാമ്പത്തികദൃഢീകരണ ഊന്നി ധനമാനേജ്മെന്റ്

> ഞങ്ങൾ ഇതുവരെ ചെയ്ത പ്രവർത്തനങ്ങളിൽ നിന്നുള്ള ആത്മവിശ്വാസമാണ് ജനങ്ങളുമായി നേരിട്ടു സംവദിക്കാൻ ഞങ്ങളെ പ്രാപ്തരാക്കുന്നത്





കേരളത്തിന്റെ മുന്നേറ്റത്തിൽ പുതുമയാർന്ന ഒട്ടേറെ ചരിത്രമുഹൂർത്തങ്ങൾക്കും ജനകീയപ്രസ്ഥാനങ്ങൾക്കും തുടക്കമിടാനും വളർത്തിയെടുക്കാനും സർക്കാരുകൾക്ക് കഴിഞ്ഞിട്ടുണ്ട്. രണ്ടാം പിണറായി സർക്കാരും അത്തരമൊരു ചരിത്ര മുഹൂർത്തമാണ് സൃഷ്ടിച്ചത്. കാസർകോട് ജില്ലയിലെ മഞ്ചേശ്വരത്തുനിന്ന് ആരംഭിച്ച നവകേരള സദസ്സുകളുടെ ആദ്യദിനങ്ങൾതന്നെ അവിസ്മരണീയമായതായി ഏവരും സമ്മതിക്കുകയാണ്. ഡിസംബർ 23നുള്ളിൽ കേരളത്തിലെ എല്ലാ നിയമസഭാമണ്ഡലങ്ങളിലും ബഹുമാനപ്പെട്ട  മുഖ്യമന്ത്രി  പിണറായി വിജയന്റെ നേതൃത്വത്തിൽ മന്ത്രിസഭാംഗങ്ങൾ ഒന്നാകെ ജനങ്ങളുമായി സംവദിക്കും. ഇത് ഐക്യകേരളം ഇതുവരെ ദർശിച്ചിട്ടില്ലാത്ത പുത്തൻ അനുഭവമായി മാറുകയാണ്. ലോകത്തെവിടെയും ഇത്തരമൊരു സുദീർഘമായ സംവാദപരിപാടി നടന്നുകാണില്ല. നവകേരള സദസ്സുകൾ കേരളത്തിന്റെ ഭരണ, സാമൂഹികരംഗങ്ങളിലും ജനാധിപത്യപ്രക്രിയയിലും പുതിയ പരീക്ഷണമാണ്.

ഒരു മാസക്കാലം മന്ത്രിസഭയും ഭരണസംവിധാനമാകെയും ജില്ലകളിലെ ഭരണ സംവിധാനവുമായി ചേർന്ന് ജനങ്ങളുടെ അടുത്തേക്ക് എത്തിച്ചേരുകയെന്ന പരീക്ഷണം. അത്യപൂർവവും വ്യത്യസ്തവുമായ ഭരണനടപടിക്രമം കൂടിയാണിത്. ഇതിലൂടെ വലിയ മാറ്റം സൃഷ്ടിക്കാനാകുമെന്നത് സംശയരഹിതമായ കാര്യമാണ്. കേവലം സന്ദർശനം മാത്രമല്ല, ഓരോ മണ്ഡലത്തിലെയും അനുഭവം നേരിട്ട് പറയുകയും കേൾക്കുകയുമാണ്. ഞങ്ങൾ ഇതുവരെ ചെയ്ത പ്രവർത്തനങ്ങളിൽനിന്നുള്ള ആത്മവിശ്വാസമാണ് ജനങ്ങളുമായി നേരിട്ടു സംവദിക്കാൻ ഞങ്ങളെ പ്രാപ്തരാക്കുന്നത്.

**രണ്ടര വർഷത്തിൽ ക്ഷേമപെൻഷനായി നൽകിയത് 23,350 കോടി രൂപ**

# ത്തിൽ



നികുതി പിരിവ് ഊർജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചും സാമ്പത്തിക ദൃഢീകരണത്തിന്റെ അടിസ്ഥാനതത്വങ്ങളിൽ ഊന്നിനിന്നാണ് സംസ്ഥാനത്തിന്റെ ധനമാനേജ്മെന്റ്.

ട്രഷറി പൂട്ടാതെ അവശ്യം ചെലവുകളെല്ലാം നിർവഹിച്ചും സാമ്പത്തികസ്ഥിതി കൈകാര്യം ചെയ്യാനാകുന്നു.

രാജ്യത്തെ ഉയർന്ന വരുമാന വർധനനിരക്കും ഉൽപാദന വളർച്ചാനിരക്കും ആർജിക്കാൻ കേരളത്തിനായി.

2021-22ൽ കേരളത്തിന്റെ ആഭ്യന്തര ഉൽപാദനം സ്ഥിരവിലയിൽ 12.01 ശതമാനം ഉയർന്നു.

2022-23ൽ ജിഎസ്ടി വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 23,000 കോടി രൂപയുടെ വർധന സാധ്യമാക്കി.

2021-22ൽ തനത് നികുതി വരുമാന വർധന 22.41 ശതമാനമായിരുന്നു. കഴിഞ്ഞവർഷം ഇത് 23.36 ശതമാനമായി വീണ്ടും ഉയർത്തി.

ധനക്കമ്മി 2.5 ശതമാനത്തിൽ ചുരുക്കി. റവന്യൂകമ്മി 0.9 ശതമാനത്തിലെത്തിച്ചു.

കേന്ദ്രനയം കാരണമുള്ള അപൂർവ്വമായ സാമ്പത്തിക സാഹചര്യങ്ങളിൽപ്പോലും എല്ലാ മേഖലകൾക്കും വേണ്ട രീതിയിൽത്തന്നെ സഹായം ചെയ്തുവരുന്നു.

രണ്ടര വർഷത്തിൽ ക്ഷേമപെൻഷനായി നൽകിയത് 23,350 കോടി രൂപ.

ഇൻകം സപ്പോർട്ട് സ്കീമിന് നൽകിയത് 183 കോടി.

ഖാദി മേഖലയ്ക്ക് നൽകിയത് 181 കോടി.

കയർ മേഖലയ്ക്ക് നൽകിയത് 343 കോടി.

കശുവണ്ടി മേഖലയ്ക്ക് നൽകിയത് 190 കോടി.

കെഎസ്ആർടിസിക്ക് നൽകിയത് 4833 കോടി.

സർക്കാർ ധനകാര്യ സ്ഥാപനങ്ങളായ കെഎസ്എഫ്ഇയും കെഎഫ്സിയും ഉൾപ്പെടെ റെക്കോർഡ് പ്രവർത്തന നേട്ടത്തിൽ.

# വൈജ്ഞാനിക മേഖലയിൽ അവസരങ്ങൾ

**പുതിയ വൈജ്ഞാനിക മേഖലകളെ നമ്മുടെ വിദ്യാർഥികൾക്കും യുവജനങ്ങൾക്കും കൂടുതൽ ആകർഷകമാക്കി, അവർക്കായി ഉയർന്ന അവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് നമ്മുടെ ഉന്നതവിദ്യാഭ്യാസ പ്രവർത്തനങ്ങൾ**

നവകേരള നിർമ്മിതി ലക്ഷ്യമിട്ട്, ദൗത്യസ്വഭാവത്തിലുള്ള പദ്ധതികളടക്കം നാനാമുഖമായ പ്രവർത്തനപരിപാടികളിലാണ് സംസ്ഥാന സർക്കാർ. നമ്മുടെ മർമ്മപ്രധാന മേഖലകളിലെ പ്രശ്നങ്ങൾക്ക് പരിഹാരമാകും വിധം ഉൽപന്നങ്ങളും പ്രക്രിയകളും സേവനങ്ങളും വികസിപ്പിക്കാൻ കെല്പുള്ള അറിവുകളാണ് നമുക്ക് വേണ്ടത്. അത്തരം അറിവുകൾ ഉൽപാദിപ്പിക്കുന്ന കേന്ദ്രങ്ങളായി നമ്മുടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ മാറ്റലാണ് നവകേരള നിർമ്മിതിയിലെ പ്രധാന ഉത്തരവാദിത്വമായി ഈ സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. പുതിയ വൈജ്ഞാനികമേഖലകളെ നമ്മുടെ വിദ്യാർഥികൾക്കും യുവജനങ്ങൾക്കും കൂടുതൽ ആകർഷകമാക്കി, അവർക്കായി ഉയർന്ന അവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് നമ്മുടെ ഉന്നതവിദ്യാഭ്യാസ പ്രവർത്തനങ്ങൾ. സർവകലാശാലാനിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിച്ചു. തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള വിടവ് നികത്താൻ നൈപുണ്യവികസന പദ്ധതികൾ വ്യാപകമായി നടപ്പാക്കുന്നു.

- ബിരുദ-ബിരുദാനന്തര പ്രവേശനവും ഫലപ്രഖ്യാപനവും ഏകീകരിച്ചു. ബിരുദ പരീക്ഷകളുടെ ഫലം ഏപ്രിൽ 30നു മുൻപും ബിരുദാനന്തര പരീക്ഷകളുടെ ഫലം മെയ് 31നു



**ബിരുദ – ബിരുദാനന്തര പ്രവേശനവും ഫലപ്രഖ്യാപനവും ഏകീകരിച്ചു**

മുൻപും പ്രഖ്യാപിക്കണമെന്ന നിർദേശം നടപ്പിലാക്കി

- സർക്കാർ കോളേജുകളുടെയും സർവകലാശാലകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക ഉന്നമനത്തിനുമായി കിഫ്ബി പദ്ധതിയിൽ 700 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു.
- തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാലയ്ക്ക് തിരൂരിലും എപിജെ അബ്ദുൽ കലാം സാങ്കേതികശാസ്ത്ര സർവകലാശാലയ്ക്ക് വിളപ്പിൽശാലയിലും ഭൂമി ഏറ്റെടുത്തു. സ്ഥിരം കാമ്പസും ആസ്ഥാനമന്ദിരവും നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.
- കോളേജ് ക്ലാസ് മുറികൾ ആധുനിക ഡിജിറ്റൽ സാങ്കേതിക സംവിധാനങ്ങൾ ഏർപ്പെടുത്തി നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചു.
- വിദൂരവിദ്യാഭ്യാസം ഒരു കുടക്കീഴിൽ കൊണ്ടുവരികയെന്ന ലക്ഷ്യത്തിനായി സംസ്ഥാനത്ത് ആദ്യത്തെ ഓപ്പൺ യൂണിവേഴ്സിറ്റി - ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി കൊല്ലത്ത് പ്രവർത്തനമാരംഭിച്ചു. സംസ്ഥാനത്ത് പുതുതായി മൂന്ന് സർക്കാർ, അഞ്ച് എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ ആരംഭിച്ചു.
- ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ഡിസൈൻ എൻജിനീയറിങ്, മെഷീൻ ലേണിങ്, ഡേറ്റ സയൻസ്, അഞ്ചു വർഷ ഇന്റഗ്രേറ്റഡ് എം.എ, എം.എസ്.സി പ്രോഗ്രാമുകൾ, നാനോ സയൻസ്, ലോജിസ്റ്റിക്സ്, ഡിജിറ്റൽ സർവെയിങ്, ഫിനാൻഷ്യൽ മാർക്കറ്റിങ് തുടങ്ങിയ പുതുതലമുറ ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകൾ അനുവദിച്ചു.
- എയ്ഡഡ് കോളേജ് അധ്യാപക നിയമനത്തിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർഥികൾക്ക് 4% സംവരണം ഏർപ്പെടുത്തി. ഭിന്നലിംഗക്കാരായ അപേക്ഷകർക്ക് ബിരുദ-ബിരുദാനന്തരതല കോഴ്സുകൾക്ക് സീറ്റ് സംവരണം ഏർപ്പെടുത്തി.
- ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ച NIRFറാങ്കിങ് / NAAC/NBA അക്രഡിറ്റേഷനുകളിൽ സംസ്ഥാനത്തെ കോളേജുകളും സർവകലാശാലകളും വലിയ മുന്നേറ്റം നടത്തി.



- അസാപിനു കീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒൻപത് നൈപുണ്യ പരിശീലന സമുച്ചയങ്ങൾ, കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു.
- CM@ക്യാമ്പസ് പദ്ധതിയുടെ ഭാഗമായി മുഖ്യമന്ത്രി വിവിധ സർവകലാശാലകളിൽ നേരിട്ടെത്തി വിദ്യാർഥികളുമായി സംവദിച്ചു. നവകേരള നിർമ്മിതിക്ക് മുതൽക്കൂട്ടാവുന്ന വികസന കാഴ്ചപ്പാടുകളും സർഗാത്മകവും പുരോഗമനപരവുമായ നിർദേശങ്ങളും ഇതുവഴി സമാഹരിച്ചു.

## സാമൂഹികനീതി വകുപ്പ്

- ദീർഘകാല ചികിത്സ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായ എൻഡോസൾഫാൻ ദുരിത ബാധിതരിൽ വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/ രൂപയും ലഭിക്കാത്തവർക്ക് 2200/ രൂപയും എൻഡോസൾഫാൻ ദുരിതബാധിതരായ മറ്റുള്ളവർക്ക് 1200/ രൂപ വീതവും പ്രതിമാസ ധനസഹായം അനുവദിക്കുന്നു. (സ്നേഹസാന്ത്വനം)
- എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ 12 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം. ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും 1 മുതൽ 7 വരെയുള്ള ക്ലാസുവരെയുള്ള കുട്ടികൾക്കും 2000/ രൂപ, 8 മുതൽ 10 ക്ലാസുവരെയുള്ളവർക്ക് 3000/ രൂപ, 11,12 ക്ലാസ്സുകളിലുള്ളവർക്ക് 4000/ രൂപ വീതവുമാണ് ധനസഹായം.
- ഭിന്നശേഷിക്ഷേമത്തിനായി അഞ്ച് മാതൃകാ പദ്ധതികൾ ഉൾപ്പെടുത്തി 'അതിജീവനം' സമഗ്രപദ്ധതി ആരംഭിച്ചു.
- എല്ലാ ഭിന്നശേഷി വ്യക്തികളെയും കാരുണ്യ ആരോഗ്യസുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി
- ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ (രണ്ടു പേരും/ ആരെങ്കിലും ഒരാൾ) മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന വിദ്യാകിരണം പദ്ധതിയിൽ കഴിഞ്ഞ സാമ്പത്തികവർഷം 6079 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭ്യമാക്കി.
- കേരളാ യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ ബധിരർക്കും ശ്രവണ പരിമിതർക്കുമായി NISH ൽ ഡിഗ്രി കോഴ്സുകൾ.
- തദ്ദേശസ്ഥാപനങ്ങൾ/കുടുംബശ്രീകൾ മുഖേന രജിസ്റ്റർ ചെയ്ത് പ്രവർത്തിപ്പിക്കുന്ന, ഭിന്നശേഷി സ്വയംസഹായ സംഘങ്ങൾക്ക് മൈക്രോ പ്രോജക്ടുകൾ ആരംഭിക്കുന്നതിനായി 20,000/ രൂപ ധനസഹായം.
- നിലവിൽ സ്കൂളുകളിൽ/ കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് ആരംഭിച്ചു.
- ശസ്ത്രക്രിയയിലൂടെ പൂർണ്ണമായി സ്ത്രീ/പുരുഷൻ ആയി മാറിയ, നിയമപരമായി വിവാഹം ചെയ്ത, ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 30.000 രൂപ വിവാഹധനസഹായം.
- മുതിർന്ന പൗരന്മാരുടെ പരാതികൾ പരിഹരിക്കാൻ എൽഡർ ലൈൻ (14567 ടോൾഫ്രീനമ്പർ).

ജെ. ചിഞ്ചുറാണി മൃഗസംരക്ഷണ, ക്ഷീരവികസനവകുപ്പ് മന്ത്രി

# നൂതന സംരംഭങ്ങൾ സാമൂഹിക ശാക്തീക

അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവരെ കൈപിടിച്ചുയർത്താൻ ക്ഷീരവികസന വകുപ്പിന്റെ പുതിയ പദ്ധതികൾ നിലവിൽ വന്നു





പ്രതിസന്ധികൾക്കുള്ളിൽ നിന്ന് ജനങ്ങളുടേയും സംസ്ഥാനത്തിന്റെയും താൽപര്യങ്ങൾ ഉയർത്തിപ്പിടിച്ച മൃഗസംരക്ഷണ-ക്ഷീരവികസനവകുപ്പുകൾ ശ്രദ്ധേയമായ ഇടപെടലുകൾ നടത്തുകയാണ്. രാത്രികാല അടിയന്തര മൃഗചികിത്സാപദ്ധതി, സാങ്കേതിക വിദ്യയിലൂടെ കർഷകനെയും ഉരുക്കളെയും കോർത്തിണക്കി ഡിജിറ്റൽ വിവരശേഖരണം നടത്തുന്ന' ഇ - സമൃദ്ധ' പദ്ധതി, ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത കർഷകരുടെ ഉരുക്കുകൾക്കു നഷ്ടപരിഹാരം, പുതിയ ഫാമുകൾ അരംഭിക്കുന്നതിന് ഏകജാലക സംവിധാനം, ക്ഷീരസംഘങ്ങളുടെ നിയമനിർമ്മാണം ഇവയിൽ ചിലതു മാത്രം. അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവരെ കൈപിടിച്ചുയർത്താൻ ക്ഷീരവികസന വകുപ്പിന്റെ പുതിയ പദ്ധതികൾ നിലവിൽ വന്നു.

**വാതിൽപ്പടി മൃഗചികിത്സാസേവനത്തിന് 1962 ടോൾ ഫ്രീ നമ്പറുള്ള കേന്ദ്രീകൃത കാൾ സെന്റർ സംവിധാനം നടപ്പിലാക്കി.**




# രണത്തിന്

**രാത്രികാല അടിയന്തര മൃഗചികിത്സാസേവനം;** ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും (152ബ്ലോക്കുകൾ), തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളും, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുമുൾപ്പടെ 156 കേന്ദ്രങ്ങളിലും നടപ്പിലാക്കി വരുന്നു.

**മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ;** 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ 29 ബ്ലോക്കുകളിൽ, ആർ.കെ. വി.വൈ പദ്ധതി പ്രകാരം മൂന്ന് മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പാലക്കാട്, വയനാട്, പത്തനംതിട്ട ജില്ലകളിൽ കൂടാതെ ആധുനിക ചികിത്സാസംവിധാനങ്ങൾ നൽകുന്നതിനായി ടെലിമെഡിസിൻ സൗകര്യങ്ങളോടുകൂടിയ സഞ്ചരിക്കുന്ന രണ്ട് മൃഗചികിത്സ യൂണിറ്റുകൾ (മൊബൈൽ ടെലി വെറ്റിനറി യൂണിറ്റുകൾ) RKI പദ്ധതി പ്രകാരം എറണാകുളം, കണ്ണൂർ ജില്ലകളിൽ സ്ഥാപിച്ചിട്ടുണ്ട്.

വാതിൽപ്പടി മൃഗചികിത്സാസേവനത്തിന് 1962 ടോൾ ഫ്രീ നമ്പറുള്ള കേന്ദ്രീകൃത കാൾ സെന്റർ സംവിധാനം നടപ്പിലാക്കി.

തിരഞ്ഞെടുക്കപ്പെട്ട 50 മൃഗചികിത്സാ കേന്ദ്രങ്ങളിൽ വെറ്ററിനറി ബിരുദം നേടിയ പുതു വെറ്ററിനറി ഡോക്ടർമാരെ ജൂനിയർ റസിഡന്റ്മാരായി നിയമിച്ചു.

**സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി ഗോസമൃദ്ധി;** ഇന്ന് രാജ്യത്തിൽ ലഭ്യമായ കന്നുകാലി ഇൻഷ്വറൻസ് പദ്ധതികളിൽവച്ച് ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ മൃഗസംരക്ഷണ പരിശീലനത്തിന്റെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.

**പ്രത്യേക കന്നുകാലി വികസന - ഗോവർധിനി പദ്ധതികൾ;** പശുക്കുട്ടികളെ ദത്തെടുത്ത് മൃഗസംരക്ഷണവകുപ്പ് നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന-ഗോവർധിനി പദ്ധതികളുടെ കീഴിൽ കൊണ്ടുവരുന്നു. കന്നുകുട്ടിയുടെ വളർച്ച ലക്ഷ്യമാക്കി ശാസ്ത്രീയമായ തീറ്റയുടെ ആവശ്യകത കണക്കാക്കി സബ്സിഡി നിരക്കിൽ തീറ്റയും, ഇൻഷ്വറൻസ് പരിരക്ഷയും ശാസ്ത്രീയ പരിപാലനവും ഉറപ്പാക്കുന്നു. ഒരു പശുകുട്ടിയ്ക്ക് 12500/ രൂപ സബ്സിഡി ലഭിക്കുന്നു.

കേരള ചിക്കൻ പദ്ധതി. 56.2866 കോടി രൂപയുടെ പദ്ധതിയാണ് റീബിൽഡ് കേരളയിലൂടെ അനുമതി ലഭിച്ചിട്ടുള്ളത്.

തെരുവുനായശല്യം രൂക്ഷമായ സാഹചര്യത്തിൽ തെരുവുനായ്ക്കളിലും വളർത്തു നായ്ക്കളിലും മൃഗസംരക്ഷണ വകുപ്പ് വാക്സിനേഷൻ നടത്തി വരുന്നു.

ക്ഷീരകർഷരുടെ സാമ്പത്തികസുരക്ഷ ഉറപ്പാക്കുന്നതിനായി പാൽവില ചാർട്ട് ശാസ്ത്രീയമായി പുതുക്കി. പാൽ വില്പനവില ലിറ്ററിന് ആറ് രൂപ വർധിപ്പിച്ചപ്പോൾ അതിന്റെ 83.75 %, അതായത് 5.052 രൂപകർഷകർക്ക് പാൽവിലയായി ലഭിക്കത്തക്കരീതിയിലാണ് പുതുക്കിയത്.

ക്ഷീരസംഘങ്ങളിൽ കൂടെയുള്ള പാൽ സംഭരണത്തിൽ റെക്കോർഡ് വർധന രേഖപ്പെടുത്തി. നിലവിൽ ഏകദേശം 20 ലക്ഷം ലിറ്റർ പാലാണ് ക്ഷീരസഹകരണ സംഘങ്ങളിലൂടെയുള്ള പ്രതിദിന പാൽ സംഭരണം.

നഷ്ടത്തിലായിരുന്ന പൊതുമേഖലാസ്ഥാപനമായ കേരള ഫീഡ്സിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിച്ചു.

# നവകേരളത്തിനായി തദ്ദേശസ്ഥാപനങ്ങളും

ജനപങ്കാളിത്തത്തോടെ പ്രാദേശിക സർക്കാരുകളും സംസ്ഥാന സർക്കാരിനൊപ്പം നവകേരള നിർമ്മിതിയിൽ അവരുടെ പങ്ക് ഭംഗിയായി നിറവേറ്റിക്കൊണ്ടിരിക്കുകയാണ്

നവകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള ആദ്യത്തെ ചുവടുവെപ്പ് അതിദാരിദ്ര്യം നിർമ്മാർജനം ചെയ്യുക എന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ മറ്റു വകുപ്പുകളുമായും ഏകോപിച്ചും സഹകരിച്ചുമാണ് അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി നടപ്പാക്കുന്നത്. രണ്ടാം പിണറായി സർക്കാരിന്റെ ആദ്യ ക്യാബിനറ്റിന്റെ ഒന്നാമത്തെ തീരുമാനമാണ് അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി. സർക്കാരിന്റെ മുൻഗണന ഇതിൽ നിന്ന് വളരെ വ്യക്തമാണ്.

ഇത്തരമൊരു പദ്ധതി ഇന്ത്യയിൽ മറ്റൊരു സംസ്ഥാനവും നടപ്പാക്കുന്നില്ലെന്നും ഓർക്കണം. 64,006 അതിദരിദ്ര കുടുംബങ്ങളെ സമഗ്ര സർവേയിലൂടെ കണ്ടെത്തി അതിൽ 47.8 ശതമാനത്തെ (30,658 കുടുംബങ്ങൾ) 2023 നവംബർ ഒന്ന് ആയപ്പോഴേക്കും അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കാനായി. 2025 നവംബർ ഒന്നിന്റെ കേരളപ്പിറവി ദിനത്തിൽ ബാക്കിയുള്ളവരെക്കൂടി അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിച്ച് അതിദരിദ്രരില്ലാത്ത കേരളം എന്ന ലക്ഷ്യം കൈവരിക്കാനാകും.



അതിദാരിദ്ര്യം തുടച്ചു നീക്കുന്നതുപോലെ തന്നെ മാലിന്യം തുടച്ചുനീക്കി ഒരു നവകേരളം സൃഷ്ടിക്കുക എന്നതാണ് മറ്റൊരു പ്രധാന ലക്ഷ്യം. അതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഊർജിതമായ ശ്രമത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഹരിതകർമ്മസേനയുടെ വാതിൽപ്പടി അജൈവമാലിന്യ ശേഖരണത്തിലും ഉറവിട മാലിന്യ സംസ്കരണത്തിലും യൂസർ ഫീ സമാഹരിക്കുന്നതിലുമെല്ലാം ഗണ്യമായ പുരോഗതി നമുക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. നഗരപ്രദേശങ്ങളിൽ ശുചിത്വത്തിനായി ലോക ബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന കേരള ഖരമാലിന്യ പരിപാലന പദ്ധതിക്ക് 2400 കോടി രൂപയാണ് നീക്കിവെച്ചിട്ടുള്ളത്. വർഷങ്ങളായി വൻതോതിൽ മാലിന്യം നിക്ഷേപിച്ച് മാലിന്യമലകളായി രൂപപ്പെട്ട പ്രദേശങ്ങൾ മുഴുവൻ വീണ്ടെടുക്കാനുള്ള പരിശ്രമം തുടർന്നുവരികയാണ്. ബ്രഹ്മപുരത്ത് ബി പി സി എല്ലുമായി ചേർന്ന് ആധുനിക സി ബി ജി പ്ലാന്റ് ആരംഭിക്കുന്നതിന് അംഗീകാരമായിക്കഴിഞ്ഞു. 2024 ഡിസംബർ ആകുമ്പോഴേക്കും പ്ലാന്റ് കമ്മീഷൻ ചെയ്യും. അതോടെ കൊച്ചി നഗരത്തിലെ മാലിന്യപ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയും. സമാനമായ സി ബി ജി പ്ലാന്റുകൾ പ്രധാന നഗരങ്ങളിലെല്ലാം സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങളും നടന്നുവരികയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ സുതാര്യവും കാര്യക്ഷമവും അതിവേഗത്തിലുള്ളതുമാക്കി മാറ്റാൻ ഏകീകൃത സോഫ്റ്റ് വെയർ കെ-സ്മാർട്ട് എന്ന പേരിൽ 2024 ജനുവരി ഒന്നിന് നിലവിൽ വരികയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കേണ്ട

**ലൈഫ് പദ്ധതിയിൽ ഇതിനകം 3,56,108 വീടുകൾ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറി. നാല് ഭവനസമുച്ചയങ്ങളും പൂർത്തിയാക്കി ഭവനരഹിതർക്ക് കൈമാറി.**



ഏതൊരു സേവനവും ഒരു മൊബൈൽ ആപ്ലിക്കേഷനിലൂടെ ലോകത്തിന്റെ ഏതു ഭാഗത്തുമിരുന്ന് നേടാനാവും എന്നതാണ് പ്രത്യേകത.

ഭവനരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യത്തോടെയാണ് 2017 ൽ ലൈഫ് പദ്ധതി ആരംഭിച്ചത്. ഇതുവരെ 3,56,108 വീടുകൾ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിക്കഴിഞ്ഞു 1,26,625 വീടുകളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കയാണ്. ഒരു വീടിന് നാല് ലക്ഷം രൂപയാണ് സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് നൽകുന്നത്. പട്ടികവർഗ മേഖലയിലാണെങ്കിൽ ആറ് ലക്ഷം രൂപ നൽകുന്നു. ഇന്ത്യയിൽ ഭവനനിർമ്മാണത്തിന് ഏറ്റവും കൂടുതൽ തുക നൽകുന്ന സംസ്ഥാനം കേരളമാണ്. ലൈഫ് പട്ടികയിൽ അവശേഷിക്കുന്ന എല്ലാവർക്കും വീട് ലഭ്യമാക്കാനുള്ള പ്രവർത്തനം ഊർജിതമായിത്തന്നെ മുന്നോട്ടുകൊണ്ടുപോകും.

ജനപങ്കാളിത്തത്തോടെ പ്രാദേശിക സർക്കാരുകളും സംസ്ഥാന സർക്കാരിനൊപ്പം നവകേരള നിർമ്മിതിയിൽ അവരുടെ പങ്ക് ഭംഗിയായി നിറവേറ്റിക്കൊണ്ടിരിക്കുകയാണ്.



അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിയിൽ സർവേയിലൂടെ കണ്ടെത്തിയ 64,006 അതിദരിദ്ര കുടുംബങ്ങളിൽ 30,658 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കി(47.8 ശതമാനം). 2025 നവംബർ ഒന്നിന് കേരളം അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കും

ലൈഫ് പദ്ധതിയിൽ ഇതിനകം 3,56,108 വീടുകൾ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറി. നാല് ഭവനസമുച്ചയങ്ങളും പൂർത്തിയാക്കി ഭവനരഹിതർക്ക് കൈമാറി.

കേരള ഖരമാലിന്യ പരിപാലന പദ്ധതിക്ക് ലോക ബാങ്ക് സഹായത്തോടെ 2400 കോടി രൂപയുടെ പദ്ധതി. മാലിന്യമുക്തമായ നവകേരളം 2024 മാർച്ചിനകം യാഥാർത്ഥ്യമാക്കാൻ ഊർജിതമായ പ്രവർത്തനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ സുതാര്യവും കാര്യക്ഷമവും അതിവേഗത്തിലുള്ളതുമാക്കി മാറ്റാൻ കെ-സ്മാർട്ട് എന്ന ഏകീകൃത സോഫ്റ്റ്‌വെയർ 2024 ജനുവരി ഒന്നിന്.

കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ചെറുകിട നിർമ്മാണങ്ങൾക്ക് എല്ലാ രേഖകളും സഹിതം ഓൺലൈൻ ആയി അപേക്ഷിച്ചാൽ അതേ ദിവസം തന്നെ പെർമിറ്റ് നൽകുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാർക്കായി ഐ എം ജി സഹകരണത്തോടെ വിപുലമായ പരിശീലന പരിപാടി.

ജനങ്ങളുടെ പരാതികൾ പരിഹരിക്കാൻ ഉപജില്ല, ജില്ല, സംസ്ഥാന അദാലത്തുകൾ.

എക്സൈസ് സേനയുടെ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തി.

മയക്കുമരുന്നിനെതിരെ വിപുലമായ ക്യാമ്പയിൻ.

പി.എ.മുഹമ്മദ് റിയാസ്
പൊതുമരാമത്ത്, വിനോദസഞ്ചാരവകുപ്പ് മന്ത്രി

നവ കേരള സദസ്സ്

# പുതുപാതകളിൽ

> രാജ്യത്ത് ആദ്യമായി ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കലിന് 25 ശതമാനം തുക കേരളം നൽകി. കേരളം കൈമാറിയത് 5580 കോടി രൂപ

കേരളത്തിന്റെ പശ്ചാത്തലവികസനവും വിനോദസഞ്ചാരമേഖലയും പുതിയ തലങ്ങളിലേക്ക് ഉയരുകയാണ്. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് പശ്ചാത്തലവികസനമേഖലയിലും വിനോദസഞ്ചാര മേഖലയിലും സമഗ്ര പുരോഗതി സാധ്യമാക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. പശ്ചാത്തലവികസന പദ്ധതികൾ കേരളത്തിന്റെ മുഖച്ഛായ മാറ്റുന്ന നിലയിലേക്ക് മാറിക്കഴിഞ്ഞു. കേരള ടൂറിസത്തെ ലോകടൂറിസം ഭൂപടത്തിലെ പ്രധാനകേന്ദ്രമായി അടയാളപ്പെടുത്തി, ചരിത്രമെഴുതിയ നാളുകൾ ആയിരുന്നു കഴിഞ്ഞ രണ്ടരവർഷം. കേരളം ഉത്തരവാദിത്തടൂറിസത്തിന്റെ ആഗോള മാതൃകയായി അംഗീകരിക്കപ്പെട്ടു. ടൂറിസം ജനകീയമാക്കാൻ ഉത്തരവാദിത്ത ടൂറിസം മിഷനെ സൊസൈറ്റിയാക്കി.

## ദേശീയ പാത

- കേരളത്തിന്റെ ദീർഘകാല ആവശ്യമായിരുന്ന ദേശീയപാത - 66 ന്റെ വികസനം അതിവേഗം പുരോഗമിക്കുന്നു. രാജ്യത്ത് ആദ്യമായി ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കലിന് 25 ശതമാനം തുക കേരളം നൽകി. കേരളം കൈമാറിയത് 5580 കോടി രൂപ.

## മലയോര ഹൈവേ

ആകെ 1166 കി.മീ.

- 133.68 കി.മീ മലയോര ഹൈവേ ഇതിനകം യാഥാർഥ്യമായിക്കഴിഞ്ഞു.
- 277 കി.മീ പ്രവൃത്തി പുരോഗമിക്കുന്നു.
- 735.93 കിലോമീറ്റർ സാമ്പത്തികാനുമതി.
- 482.20 കിലോമീറ്റർ ടെൻഡർ ചെയ്തു.
- 410.63 കി.മീ കരാർ ഒപ്പുവച്ചു.

## തീരദേശ ഹൈവേ

52 സ്ട്രെച്ചുകൾ, 623 കിലോമീറ്റർ.

- കിഫ്ബിയിൽ ഉൾപ്പ ടുത്തി 44 സ്ട്രെച്ചുകൾ, 537 കിലോമീറ്റർ ദൂരം വികസിപ്പിക്കും.
- 415 കിലോമീറ്റർ ദൂരം ഭൂമി ഏറ്റെടുക്കലിന് സാമ്പത്തിക അനുമതി.
- ഭൂമി വിട്ടു നല്കുന്നവർക്ക് പ്രത്യേക പുനരധിവാസ പാക്കേജ്.

## ലെവൽ ക്രോസ്സില്ലാത്ത കേരളം

- കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി 13 റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ പ്രവൃത്തി പൂർത്തിയാകുന്നു .

## റോഡ് പരിപാലനം / റണ്ണിങ്ങ് കോൺട്രാക്ട്

പൊതുമരാമത്ത് റോഡുകളുടെ പരിപാലനത്തിന് പോട്ട് ഹോൾ ഫ്രീ കേരള .

പരിപാലന കാലാവധിയിൽ അല്ലാത്ത റോഡുകളിൽ ഉടൻ കുഴികൾ അടയ്ക്കാൻ റണ്ണിങ്ങ് കോൺട്രാക്ട്. 20,026 കി.മീ റോഡുകളുടെ പരിപാലനത്തിന് 486.11 കോടി രൂപ.



**കേരള ടൂറിസത്തെ ലോകടൂറിസം ഭൂപടത്തിലെ പ്രധാന കേന്ദ്രമായി അടയാളപ്പെടുത്തി, ചരിത്രമെഴുതിയ നാളുകൾ ആയിരുന്നു കഴിഞ്ഞ രണ്ടരവർഷം**

# അതിവേഗമുന്നേറ്റം

## പാലങ്ങൾ സെഞ്ച്വറിയിലേക്ക്

- സംസ്ഥാനത്ത് നൂറ് പാലങ്ങളുടെ നിർമ്മാണം എന്ന ലക്ഷ്യം പൂർത്തീകരണത്തോട് അടുക്കുന്നു.
- 83 പാലങ്ങൾ പൂർത്തിയായി.

## പീപ്പിൾസ് റസ്റ്റ് ഹൗസ് സൂപ്പർഹിറ്റ്.

ഓൺലൈൻ ബുക്കിങ് സംവിധാനം ഫലപ്രദം. രണ്ടു വർഷം രണ്ടുലക്ഷം ബുക്കിങ്ങ് , പത്ത് കോടി രൂപ വരുമാനം. റസ്റ്റ് ഹൗസ് നവീകരണത്തിന് പ്രത്യേക പദ്ധതി.

## ഡിസൈൻ പോളിസി

രാജ്യത്ത് തന്നെ ആദ്യമായി ഒരു സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് ഡിസൈൻ പോളിസി തയ്യാറാക്കുന്നു.

## ടൂറിസം

- ആഭ്യന്തരടൂറിസ്റ്റുകളുടെ എണ്ണത്തിൽ 2022 ൽ റെക്കോർഡ്. 2022 ൽ 1.88 കോടി ആഭ്യന്തര സഞ്ചാരികൾ കേരളം സന്ദർശിച്ചു.
- ബീച്ച് ടൂറിസം ശക്തിപ്പെടുത്താൻ ഫ്ളോട്ടിങ് ബ്രിഡ്ജുകൾ.
- വാഗമണ്ണിൽ ഏറ്റവും വലിയ കാൻഡി ലിവർ ഗ്ലാസ് ബ്രിഡ്ജ്. തിരുവനന്തപുരം ആക്കുളം പാർക്കിൽ പുതിയ സാഹസിക വിനോദകേന്ദ്രം.
- ബേക്കലും ബോൾഗാട്ടിയിലും പൊന്മുടിയിലും കെടിഡിസി കാരവൻ പാർക്ക് നിർമ്മിക്കുന്നു
- തിരുവനന്തപുരം മാനവീയം വീഥിയിൽ നൈറ്റ് ലൈഫ് തുടങ്ങി. കോഴിക്കോട് പൈതൃക കെട്ടിടങ്ങളിൽ ഇല്യൂമിനേഷൻ പദ്ധതിക്ക് അംഗീകാരം.
- തിരുവനന്തപുരത്ത് ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ കേന്ദ്രം.
- പ്രാദേശിക ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കാൻ ഡെസ്റ്റിനേഷൻ ചലഞ്ച്. 34 പദ്ധതികൾക്ക് അനുമതി നല്കി.
- ലൊക്കേഷനുകളെ ആകർഷകമാക്കി ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിന് സിനിമാ ടൂറിസം പദ്ധതി. തിരുവനന്തപുരത്തെ കിരീടം പാലത്തിൽ ആദ്യ പദ്ധതിക്ക് അനുമതി. ബേപ്പൂർ മുതൽ തുത്താല വരെ ലിറ്ററി സർക്യൂട്ട്, കൊല്ലം ജില്ലയിൽ ബയോഡൈവേഴ്സിറ്റി സർക്യൂട്ട്. മുസരിസ് പൈതൃക ടൂറിസം പദ്ധതി വ്യാപിപ്പിക്കുന്നു. വിദേശ രാജ്യങ്ങളുമായി വാണിജ്യ ബന്ധമുണ്ടായിരുന്ന തുറമുഖങ്ങളെ ബന്ധിപ്പിച്ച് സ്പൈസസ് റൂട്ട് പദ്ധതി.
- വനിതായാത്രകളെ പ്രോത്സാഹിപ്പിക്കുവാൻ സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതി.
- വിവിധ ലോകരാജ്യങ്ങളിൽ നിന്നുള്ള ബ്ലോഗർമാരുമായി കേരള ടൂറിസത്തിന്റെ 'കേരള ബ്ലോഗ് എക്സ്പ്രസ്' ഏഴാം പതിപ്പ്. 30 ഓളം ബ്ലോഗർമാർ കേരളത്തെ അടുത്തറിഞ്ഞു.
- ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ തീർഥാടക ടൂറിസം പ്രോത്സാഹിപ്പിക്കുവാൻ ഓഗ്മെന്റഡ് റിയാലിറ്റി. തീർഥാടക ടൂറിസത്തിന്റെ ഭാഗമായി ശബരിമല മൈക്രോ സൈറ്റ് വിപുലീകരിക്കുന്നു.



# കേരളം കൃഷി

**കൃഷി ഭവനുകളിലെ സോഷ്യൽ ഓഡിറ്റ്, സ്മാർട്ട് കൃഷിഭവൻ, കുട്ടനാട് വികസന ഏകോപന കൗൺസിൽ മൂല്യവർധിത കാർഷികമിഷൻ എന്നിവയും എടുത്തുപറയത്തക്ക നേട്ടങ്ങളാണ്**

ഞങ്ങളും കൃഷിയിലേക്ക് തുടങ്ങിയ പദ്ധതികളി ലൂടെ കാർഷികമേഖലയുടെ ഉന്നമനത്തിന് പുതിയ പാതകൾ സർക്കാർ തെളിയിക്കുകയാണ്. നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്ക ന്നതിനും പഴയകാല അറിവുകൾ വീണ്ടെടുക്കുന്നതിനും പുതിയ വിത്തിനങ്ങൾ അവതരിപ്പിക്കുന്ന തിലും സർക്കാർ എന്നും മുന്നിലാണ്. പുതുതലമുറയെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനുതകുന്ന പദ്ധതികൾ, കൃഷിയിൽ നിന്ന് മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുക തുടങ്ങിയവയും സർക്കാരിന്റെ ലക്ഷ്യങ്ങളാണ്. കാർഷിക ബ്ലോക്കുകൾ അടിസ്ഥാന പ്പെടുത്തി കർഷകരുടെ പ്രശ്നങ്ങൾക്ക് ഉടനടി തീർപ്പ് കല്പിക്കുന്നതിനും ആ പ്രദേശത്തേക്ക് വേണ്ട ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളും ആവിഷ്ക്കരിക്കുന്നതിന് കൃഷി മന്ത്രിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥന്മാരും വിദഗ്ധരും കൃഷിയിടങ്ങളിലേക്കിറങ്ങി നടത്തുന്ന പ്രാദേശിക കാർഷികവിലയിരുത്തൽ യജ്ഞമാണ് കൃഷിദർശൻ. കൃഷി ഭവനുകളിലെ സോഷ്യൽ ഓഡിറ്റ്, സ്മാർട്ട് കൃഷിഭവൻ, കുട്ടനാട് വികസന ഏകോപന കൗൺസിൽ മൂല്യവർധിത കാർഷികമിഷൻ എന്നിവയും എടുത്തുപറയത്തക്ക നേട്ടങ്ങളാണ്.

## പോഷക സമൃദ്ധി മിഷൻ

ആരോഗ്യക്ഷേമത്തിന് ഉതകുന്ന രീതിയിൽ പോഷകസമ്പുഷ്ടമായ കാർഷിക വിളകളുടെ കൃഷിക്ക് ഊന്നൽ നൽകി കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനു വേണ്ടിയുള്ള സമഗ്ര പരിപാടിയാണ് 'പോഷക സമൃദ്ധി മിഷൻ'. നടപ്പ് സാമ്പത്തിക വർഷം 25 ലക്ഷം കുടുംബങ്ങൾക്കാവശ്യമായ പോഷകതോട്ടങ്ങൾ സജ്ജീകരിക്കുന്ന തിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

## ജൈവ കാർഷിക മിഷൻ

മണ്ണിനെയും പരിസ്ഥിതിയേയും സംരക്ഷിച്ച് സുരക്ഷിത ഭക്ഷ്യോൽപാദനത്തിനായി ശാസ്ത്രീയ ജൈവകൃഷിയും ജൈവ ഉൽപാദനോപാധികളുടെ ലഭ്യത വർധിപ്പിക്കലും ഉദ്ദേശിച്ച് ആസൂത്രണം ചെയ്തപദ്ധതിയാണ് ജൈവ കാർഷിക മിഷൻ. നടപ്പുസാമ്പത്തികവർഷത്തിൽ 10,000 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കും.

## 30,000 കൃഷിക്കൂട്ടങ്ങൾ: മൂന്ന് ലക്ഷം തൊഴിലവസരങ്ങൾ

ഓരോ പഞ്ചായത്തിലും കാർഷിക മേഖലയിൽ പ്രവർത്തിച്ചുവരുന്ന 30,000 കൃഷിക്കൂട്ടങ്ങളെ സജ്ജമാക്കി എഫ്.പി.ഒ കൾ രൂപവൽക്കരിച്ചു. കാർഷികോൽപന്നങ്ങളുടെ ഉൽപാദനത്തിലും മൂല്യവർധനവിലും വിപണനത്തിലും ശക്തമായ ഇടപെടൽ നടത്തുക വഴി കർഷകരുടെ വരുമാന വർധനവ് ലക്ഷ്യമിടുന്നു. നടപ്പ് സാമ്പത്തിക വർഷം 650 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയിലൂടെ മൂന്ന് ലക്ഷം തൊഴിലവസരങ്ങൾ തനത് വർഷം സൃഷ്ടിക്കുന്നതിന് വിഭാവനം ചെയ്യുന്നു.



**നാളികേരത്തിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിന് കേരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു.**

# തിലേക്ക്



## കൃഷിയിട ആസൂത്രണാധിഷ്ഠിത വികസനം

ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്ത് കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ 1000 സംയോജിത കൃഷി സമ്പ്രദായ പ്ലോട്ടുകൾ ഉൾപ്പടെ 10,760 കൃഷിയിടങ്ങളിൽ ഫാം പ്ലാൻ അധിഷ്ഠിത വികസനം നടപ്പിലാക്കും. 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## കാലാവസ്ഥയെ പ്രതിരോധിക്കുന്ന കാർഷിക മൂല്യശൃംഖല നവീകരണം (KERA)

കാലാവസ്ഥവ്യതിയാനം, പകർച്ച വ്യാധികൾ എന്നിവ ഉൾപ്പടെയുള്ള പ്രകൃതി ദുരന്തങ്ങളുടെ ആഘാത ങ്ങൾക്കെതിരെ കേരളത്തിന്റെ പ്രതിരോധശേഷി വർധിപ്പിക്കുന്ന തിനും മൂല്യശൃംഖല ശക്തിപ്പെടുത്തു ന്നതിനുമായി കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന ലോകബാങ്ക് ധനസഹായമുള്ള പദ്ധതിയാണ് 'കേര'. പദ്ധതിയുടെ കോർപ്പസ് ഫണ്ടായി 285 ദശലക്ഷം യു.എസ് ഡോളർ വകയിരുത്തിയിട്ടുണ്ട്.

## കാബ്കോ (KABCO)

കർഷകരുമായി വാണിജ്യബന്ധം സ്ഥാപിക്കുന്നതിനും, കൃഷിയെ കാർഷിക-ബിസിനസാക്കി മാറ്റുന്നതിനും മൂല്യവർധന പ്രോത്സാഹിപ്പിക്കുന്നതിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനുമായി കേരള സർക്കാരിന്റെ നേതൃത്വത്തിലുള്ള സിയാൽ മാതൃകയിലുള്ള കമ്പനിയാണ് കാബ്കോ.

## കേരഗ്രാമങ്ങൾ

നാളികേരത്തിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിന് കേരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു. കേരളത്തിലുടനീളം 100 ഹെക്ടർ വീതമുള്ള 50 കേരഗ്രാമങ്ങൾ ഈ വർഷം നടപ്പിലാക്കുന്നു.

## നെൽകൃഷിയിൽ "ഡ്രോൺ"

നടപ്പ് സാമ്പത്തിക വർഷത്തിൽ 9,750 ഹെക്ടർ നെൽകൃഷിയിൽ ഇലകളിൽ സൂക്ഷ്മമൂലകങ്ങൾ ഡ്രോൺ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രയോഗിക്കുന്നതിന് 195.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## വൈഗ റിസോഴ്സ് സെന്റർ

കർഷകന്റെ/ സംരംഭകന്റെ ആവശ്യങ്ങൾ മനസ്സിലാക്കി, അതനുസരിച്ച് ഡിപിആർ തയ്യാറാക്കൽ മുതലുള്ള എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാകുന്ന രീതിയിൽ വൈഗ റിസോഴ്സ് സെന്ററുകൾ വിഭാവനം ചെയ്തിരിക്കുന്നു.

## "കേരൾ അഗ്രോ" റീട്ടെയിൽ ഔട്ട്ലെറ്റുകൾ

കൃഷിവകുപ്പിന്റെ ഫാമുകൾ, എഫ്.പി.ഒ.കൾ, കർഷക ഗ്രൂപ്പുകൾ, കൃഷിക്കൂട്ടങ്ങൾ എന്നിവയിലൂടെ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപന്നങ്ങൾക്ക് 'കേരൾ അഗ്രോ' എന്ന ഒരൊറ്റ ബ്രാൻഡിൽ കൈകാര്യം ചെയ്യുന്ന പ്രീമിയം ഔട്ട് ലെറ്റുകൾ സ്ഥാപിക്കാൻ ഒരുങ്ങുന്നു. ഓരോ ജില്ലയിലും ഒന്ന് വീതം ഇത്തരം 14 സൂപ്പർമാർക്കറ്റുകൾ/കേരൾ അഗ്രോ റീട്ടെയിൽ ഷോപ്പുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

**കെ.രാധാകൃഷ്ണൻ** പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗവികസനവും ദേവസ്വവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി

നവ കേരള സദസ്സ്

# ഉന്നതിയിലേക്ക്

**സുരക്ഷിത ഭവന പൂർത്തീകരണത്തിനായി സേഫ് പദ്ധതിയിലൂടെ 13,000 വീടുകൾക്ക് രണ്ട് ലക്ഷം രൂപ വീതം അനുവദിച്ചു**





'ഉന്നതി' എന്ന കുടക്കീഴിൽ പട്ടികജാതി പട്ടികവർഗ- പിന്നാക്ക ജനവിഭാഗങ്ങളുടെ സർവതോന്മുഖമായ മുന്നേറ്റത്തിന് സഹായിക്കുന്ന പദ്ധതികളാണ് വിദ്യാഭ്യാസം - തൊഴിൽ - ആരോഗ്യം - അടിസ്ഥാനസൗകര്യവികസന മേഖലകളിൽ ഈ സർക്കാർ നടത്തിയിട്ടുള്ളത്. അതോടൊപ്പം സുരക്ഷിതവും സുഗമവുമായ തീർഥാടന കാലമൊരുക്കിയും കോവിഡ് പ്രതിസന്ധികളിലും ക്ഷേത്രങ്ങളെ സംരക്ഷിച്ചു. കേരളത്തിൽ പാർലമെന്ററി ജനാധിപത്യത്തിന്റെ പ്രാധാന്യം പൊതുസമൂഹത്തിലും നാടിന്റെ ഭാവിവാഗ്ദാനങ്ങളായ യുവജനങ്ങളിലേക്കും എത്തിക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

**സുരക്ഷിതവും സുഗമവുമായ തീർഥാടന സൗകര്യങ്ങളൊരുക്കി ശബരിമല തീർഥാടനം ഏറെ മികവുറ്റതാക്കി.**



2026നകം എല്ലാ ഭൂരഹിത, ഭവനരഹിത പട്ടികവിഭാഗക്കാർക്കും ഭൂമിയും വീടും നല്കുന്നതിനുള്ള പദ്ധതികൾ ദ്രുതഗതിയിൽ മുന്നേറുകയാണ്.

സുരക്ഷിത ഭവന പൂർത്തീകരണത്തിനായി സേഫ് പദ്ധതിയിലൂടെ 13,000 വീടുകൾക്ക് രണ്ട് ലക്ഷം രൂപ വീതം അനുവദിച്ചു.

425 പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ വിദ്യാർഥികൾക്ക് വിദേശ സർവകലാശാലകളിൽ സ്കോളർഷിപ്പോടെ പഠനാവസരം ഒരുക്കി. ഈ വർഷം 310 പേർക്കുകൂടി വിദേശപഠനത്തിന് സ്കോളർഷിപ്പ് നല്കും. ലോകത്തിന്റെ ഏതു കോണിലുമുള്ള വിദ്യാഭ്യാസ സമ്പ്രദായങ്ങളും അവസരങ്ങളും പട്ടികജാതി പട്ടികവർഗ പിന്നാക്കവിഭാഗ വിദ്യാർഥികൾക്കും ലഭ്യമാക്കുന്നതിനായി വിദേശവിദ്യാഭ്യാസ പദ്ധതി വഴി പി.ജി. പഠനത്തിന് പട്ടികജാതി പട്ടികവർഗവിഭാഗംവിദ്യാർഥികൾക്ക് 25 ലക്ഷം രൂപവരെയും പിന്നാക്കവിഭാഗ വിദ്യാർഥികൾക്ക് 10 ലക്ഷം രൂപവരെയും സ്കോളർഷിപ്പ് നൽകുന്നു. പരിവർത്തിത-ക്രൈസ്തവ വിഭാഗക്കാർക്ക് വിദേശപഠനത്തിന് പെൺകുട്ടികൾക്ക് 3.5%, ആൺകുട്ടികൾക്ക് 4% പലിശനിരക്കിൽ വിദേശപഠനത്തിനായി വായ്പ നൽകുന്നു.

വിംഗ്സ് പദ്ധതിയിലൂടെ പട്ടിക വിഭാഗങ്ങളിൽപെട്ട 3 എസ്.സി., 2 എസ്.ടി., 1 ഒ.ഇ.സി. കുട്ടികൾക്ക് കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസി പഠനത്തിന് ഓരോ വർഷവും 33 ലക്ഷം രൂപ സ്കോളർഷിപ്പ് ലഭ്യമാക്കി.

പട്ടികവർഗ കുടുംബങ്ങൾക്ക് അടിസ്ഥാന രേഖകൾ ലഭ്യമാക്കി അവ സുരക്ഷിതമാക്കുന്നതിന് ആവിഷ്കരിച്ച അക്ഷയ ബിഗ് ക്യാമ്പെയ്ൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ (ABCD) പദ്ധതി രാജ്യത്തിനാകെ മാതൃകയായി.

ഒന്നു മുതൽ എട്ട് വരെയുള്ള ക്ലാസുകളിലെ പിന്നാക്ക വിഭാഗം കുട്ടികളുടെ സ്കോളർഷിപ്പ് കേന്ദ്ര സർക്കാർ നിഷേധിച്ചതിന് പകരമായി "കെടാവിളക്ക്" എന്ന പേരിൽ പദ്ധതിയാരംഭിച്ച് പ്രതിവർഷം 1500 രൂപ വീതം നല്കുന്നു.

1284 ഊരുകളിൽ 1083 ഇടത്തും ഇന്റർനെറ്റ് സൗകര്യമായി. ഇടമലക്കുടിക്ക് മാത്രം ചെലവിട്ടത് 4.31 കോടി രൂപ. അതിവിദൂരമായ ഊരുകളിലും മാർച്ച് 31നകം ഇന്റർനെറ്റ് സേവനമെത്തിക്കും. തൃശ്ശൂർ ജില്ലയിലെ ഉൾപ്രദേശമായ വെട്ടിവിട്ടകാട് പട്ടികവർഗ ഗ്രാമത്തിൽ 92.46 ലക്ഷംരൂപ ചെലവിൽ വൈദ്യുതീകരണം പൂർത്തിയാക്കി.

യുവജനങ്ങളെ ഒരേസമയം തൊഴിൽ സംരംഭകരും തൊഴിൽദാതാക്കളുമാക്കാൻ കേരള എംപവർമെന്റ് സൊസൈറ്റി രൂപവൽക്കരിച്ചു, സ്റ്റാർട്ട് അപ്പുകൾ, നവസംരംഭങ്ങൾ, നിർമ്മാണ, സേവനപദ്ധതികൾ തുടങ്ങി എല്ലാത്തരം സംരംഭങ്ങളും എംപവർമെന്റ് സൊസൈറ്റിയിലൂടെ ആരംഭിച്ചുവരുന്നു.

പട്ടികവിഭാഗങ്ങളിൽ നിന്നുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള യുവജനങ്ങൾക്ക് സർക്കാർ സംവിധാനത്തിന്റെ കീഴിൽ ഹോണറേറിയത്തോടെ തൊഴിൽപരിശീലനം നല്കുന്ന നൂതന പദ്ധതിയാണ് ട്രേസ് - (ട്രെയിനിങ്ങ് ഫോർ കരിയർ എക്സലൻസ് ) എഞ്ചിനീയറിങ്ങ് , എൽ.എൽ.ബി., എം.എസ്.ഡബ്ല്യൂ തുടങ്ങി വിവിധ യോഗ്യതകളുള്ള ആയിരത്തോളം പേർക്ക് ട്രേസ് വഴി തൊഴിൽ നല്കി .

സുരക്ഷിതവും സുഗമവുമായ തീർഥാടന സൗകര്യങ്ങളൊരുക്കി ശബരിമല തീർഥാടനം ഏറെ മികവുറ്റതാക്കി.

ക്ഷേത്രങ്ങളിലെ വരുമാനം ആതുര സേവന മേഖലയിലേക്കും വിനിയോഗിച്ച് പൊതുസമൂഹത്തിന് ഉപയോഗപ്രദമാക്കി. കാടാമ്പുഴയിൽ ഡയാലിസിസ് സെന്റർ തുടങ്ങി. ഗുരുവായൂരിൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിക്ക് ഒരുക്കങ്ങൾ പൂർത്തിയായിവരുന്നു.

# വ്യവസായസൗഹൃദ നവകേരളം

**ഏറ്റവും വികസിതമായ വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുക ലക്ഷ്യവുമായി വ്യവസായ നയം-2023 നടപ്പാക്കുന്നു**

വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള കടമ്പകൾ ലഘൂകരിച്ചും സംരംഭകരോട് നേരിട്ട് ഇടപെട്ട് ലോകോത്തര വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചും പൊതുമേഖലാസ്ഥാപനങ്ങളെ ആധുനികീകരിച്ചും സംരംഭങ്ങളുടെ എണ്ണത്തിൽ വലിയ വർധനവുണ്ടാക്കിയും കേരളം മുന്നേറുകയാണ്. നിക്ഷേപങ്ങൾ വൻതോതിൽ ആകർഷിച്ച്, നവീന ആശയങ്ങൾ വളർത്തി, സുസ്ഥിര വ്യവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനു സഹായകമായ പ്രവർത്തനങ്ങൾ മുന്നോട്ടു വയ്ക്കുന്നു. നിർമ്മിതബുദ്ധി അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങൾ, ബയോടെക്നോളജി, ഇലക്ട്രോണിക്സ് ഡിസൈനിങ്ങും നിർമ്മാണവും, വൈദ്യുതി വാഹനങ്ങളുടെയും അനുബന്ധ ഉപകരണങ്ങളുടെയും നിർമ്മാണം ലോജിസ്റ്റിക്സ്, മെഡിക്കൽ ഉപകരണങ്ങൾ, നാനോ ടെക്നോളജി, സ്പേസ് മേഖല, റോബോട്ടിക്സ്, പുനരുപയോഗിക്കാവുന്ന ടൂറിസം, ഗ്രാഫീൻ, മറൈൻ ക്ലസ്റ്റർ തുടങ്ങി ഒട്ടേറെ വിഭാഗത്തിലുള്ള സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് കേരളം ലക്ഷ്യമിടുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ സംരംഭക വർഷം പദ്ധതിയിലൂടെ ഒരു ലക്ഷം സംരംഭങ്ങൾ ലക്ഷ്യമാക്കി പ്രവർത്തിച്ചപ്പോൾ 245 ദിവസങ്ങൾക്കുള്ളിൽ അത്രയെണ്ണം തുടങ്ങാനായി.

ഏറ്റവും വികസിതമായ വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുക ലക്ഷ്യവുമായി വ്യവസായ നയം-2023 നടപ്പാക്കുന്നത്. 22 മുൻഗണനാ മേഖലകളിലെ വ്യവസായങ്ങളുടെ വളർച്ച സാധ്യമാക്കുന്നതിനായി അടിസ്ഥാന സൗകര്യവികസനം, സാങ്കേതികവിദ്യയുടെ നവീകരണം, സ്ഥാപനപരമായ കാര്യക്ഷമത, വിപണി വികസനം, കയറ്റുമതി സുഗമമാക്കൽ, ഗവേഷണം, നൈപുണ്യവികസനം. പ്രോത്സാഹനങ്ങൾ എന്നീ ഉപനയങ്ങളിലൂടെ സമഗ്രപിന്തുണ നൽകും. പരമ്പരാഗത വ്യവസായമേഖലകൾക്ക് താങ്ങാവുന്നതിനും കേരളം സവിശേഷ പരിഗണന നല്കുന്നു. സ്വകാര്യ കശുവണ്ടി വ്യവസായത്തിനായുള്ള പുനരുജ്ജീവന പാക്കേജിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 10 കോടി രൂപ വരെയുള്ള വായ്പകളുടെ പലിശ പൂർണ്ണമായും എഴുതിത്തള്ളും.



**വൻകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഫലമായി 11,000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ലഭിച്ചു**



ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിൽ കേരളം 28ൽ നിന്ന് 15-ാം സ്ഥാനത്തേക്ക് ഉയർന്നു. അടുത്ത സർവേയിൽ ആദ്യ പത്തിനുള്ളിലെത്താനാണ് കേരളം ശ്രമിക്കുന്നത്.

വൻകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഫലമായി 11,000 കോടി രൂപയുടെ നിക്ഷേപവാഗ്ദാനം ലഭിച്ചു.

കൂടുതൽ നിക്ഷേപം ആകർഷിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നതിനായി സ്വകാര്യവ്യവസായപാർക്ക്-വ്യവസായങ്ങൾക്ക് ഭൂമി-എട്ട് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് ഇതുവരെ അനുമതി നല്കി.

ടാറ്റ എലക്സി പദ്ധതിക്കായി കഴക്കൂട്ടം കിൻഫ്ര പാർക്കിൽ ഒൻപത് നിലകളിലായി 2.17 ലക്ഷം ചതുരശ്രഅടി വിസ്തീർണ്ണത്തിൽ കെട്ടിടം. 2500 പേർക്ക് നേരിട്ടും 1500 പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാകും.

യു.എസ്. കമ്പനിയായ വെൻഷ്വർ 1500 കോടി രൂപയുടെ നിക്ഷേപം നടത്തും.

2021-22ൽ 10 പ്രമുഖ കമ്പനികൾ വിവിധ കിൻഫ്ര പാർക്കുകളിൽ നിക്ഷേപം നടത്തി. 5000 പേർക്ക് നേരിട്ടുള്ള തൊഴിലവസരങ്ങൾ, 1000 കോടി രൂപയുടെ നിക്ഷേപം

50 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ളതും അല്ലാത്തതുമായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ വിവിധ ലൈസൻസുകൾ, ക്ലിയറൻസുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ നല്കുന്നതിനുള്ള അപേക്ഷകൾ ഏഴ് ദിവസത്തിനുള്ളിൽ തീർപ്പാക്കുന്നു.

41 പൊതുമേഖല സ്ഥാപനങ്ങൾ 384.68 കോടി രൂപയുടെ പ്രവർത്തനലാഭത്തിൽ; 23 എണ്ണം ലാഭത്തിൽ.

വെള്ളൂരിൽ കേരളാ പേപ്പർ പ്രോഡക്റ്റ്സ് ലിമിറ്റഡ് വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദനം തുടങ്ങി. ബി.എച്ച്.ഇ.എൽ ന് ഭെൽ ഇലക്ട്രിക്കൽ മെഷിൻ ലിമിറ്റഡിൽ ഉണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ വാങ്ങി, പൂർണ്ണമായും സംസ്ഥാനസർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനമാക്കി മാറ്റി.

മൂല്യവർധിത റബ്ബർ ഉൽപന്നങ്ങളുടെ പ്രോത്സാഹനത്തിനായി കേരള റബ്ബർ ലിമിറ്റഡിന് വെള്ളൂരിൽ തറക്കല്ലിട്ടു. ഒന്നാം ഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

# തീരമേഖലയുടെ സാമൂഹിക–സാമ്പത്തിക

തീരദേശത്തെ സാമൂഹിക വികസനത്തിലും പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ ചേർത്തുപിടിക്കുന്നതിലും കഴിഞ്ഞ ഏഴ് വർഷങ്ങളായി (ഒന്നാം പിണറായി വിജയൻ സർക്കാർ മുതൽ) പ്രത്യേക ശ്രദ്ധ പുലർത്തിയിട്ടുണ്ട്



മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനും മേഖലയുടെ ത്വരിത വളർച്ചയ്ക്ക് നെടുംതൂണമായി നിൽക്കുന്ന മത്സ്യത്തൊഴിലാളികളുടെ വിദ്യാഭ്യാസപരവും സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനും മുതൽക്കൂട്ടാകുന്ന ഒട്ടനവധി പദ്ധതികളാണ് ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. തീരദേശത്തെ സാമൂഹികവികസനത്തിലും പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ ചേർത്തുപിടിക്കുന്നതിലും കഴിഞ്ഞ ഏഴ് വർഷങ്ങളായി (ഒന്നാം പിണറായി വിജയൻ സർക്കാർ മുതൽ) പ്രത്യേക ശ്രദ്ധ പുലർത്തിയിട്ടുണ്ട്. 11000 കോടിയോളം രൂപയാണ് വിവിധപദ്ധതികളിലായി തീരദേശവികസനത്തിന് നീക്കിവെച്ചത്.

വിവിധ പുനരധിവാസ പദ്ധതികളിലും ഭവനനിർമ്മാണ പദ്ധതികളിലും ഉൾപ്പെടുത്തി 2016 മുതൽ നാളിതുവരെ 12558 പേർക്ക് ഭവനനിർമ്മാണ ആനുകൂല്യം അനുവദിച്ചു.



**പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കി. പ്രീമിയം തുകയുടെ 90%വും സർക്കാർ ധനസഹായമാണ്**

# ശാക്തീകരണം




ഭൂമിയുള്ള ഭവനരഹിതരായ 5985 പേർക്ക്കഴിഞ്ഞ സർക്കാരിന്റെകാലത്തും 3650 ഗുണഭോക്താക്കൾ ഈ സർക്കാരിന്റെകാലത്തുംലൈഫ് പദ്ധതി വഴി ഭവനനിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്.

ആഴക്കടൽമത്സ്യബന്ധനത്തിന് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന്റെ ഭാഗമായി 156 ലക്ഷംരൂപ വീതംവിലവരുന്ന 10 ആഴക്കടൽമത്സ്യബന്ധന ബോട്ടുകൾ വിതരണംചെയ്യുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളികളെ കൂടുതൽ ബലവത്തായ എഫ്.ആർ. പി. യാനങ്ങളിലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി ഇതിനകം 320എഫ്. ആർ. പി. മത്സ്യബന്ധന യൂണിറ്റുകൾ വിതരണം ചെയ്തു

കാലാവസ്ഥാമുന്നറിയിപ്പ്, കോവിഡ് എന്നിവമൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് കഴിഞ്ഞ വർഷങ്ങളിലായി ആകെ 180 കോടിരൂപയുടെ ധനസഹായം.

കൂടുതൽ സുലഭവും ആദായകരവുമായ പെട്രോൾ, ഡീസൽ, എൽ.പി. ജി. തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ചുള്ള എൻജിനുകളിലേയ്ക്ക് മാറുന്നതിന് ധനസഹായം നൽകും. എട്ട് കോടി രൂപ ഇതിനായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കി. പ്രീമിയം തുകയുടെ 90%വും സർക്കാർ ധനസഹായമാണ്.

ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി മത്സ്യസംഭരണവും വിപണനവും ഗുണനിലവാരപരിപാലനവും നിയമം കൊണ്ടുവന്നു.

മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് 20 ലക്ഷം രൂപയായി വർധിപ്പിച്ചു.

മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി 2700 രൂപയിൽ നിന്നും 4500 രൂപയായി വർധിപ്പിച്ചു.

വിദ്യാതീരം പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ/സിവിൽസർവിസ്/ബാങ്ക്ടെസ്റ്റ് പരീക്ഷാ പരിശീലനം നൽകിവരുന്നു. ഈ പദ്ധതിയിലൂടെ തീരമേഖലയിൽ ഇതിനകം 75ഡോക്ടർമാരെ സൃഷ്ടിച്ചു.



**പുനർഗേഹം ഫ്ളാറ്റുകൾ**

നവ കേരള സദസ്സ്

# അടിസ്ഥാനസൗകര്യ

**ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം പൊതുവിദ്യാഭ്യാസ വകുപ്പിൽ 11,000 ൽ പരം പി.എസ്.സി. നിയമനങ്ങൾ നടന്നു എന്നതും ചരിത്രമാണ്**



പൊതു വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിൽ വിപ്ലവകാലമാണിത്. ഭൗതികസാഹചര്യവികസനം, ആധുനികീകരണം, മികവുറ്റ അധ്യാപനം എന്നിവയിലൂടെയാണ് വിശ്വാസ്യത ഉറപ്പിച്ചത്. പൊതുവിദ്യാഭ്യാസത്തിന്റെ സാർവത്രികമായ സ്വീകാര്യത, വിദ്യാഭ്യാസമേഖലയിലെ ഭരണനിർവഹണം, വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ, ഫലപ്രാപ്തി എന്നിവയിൽ കേരളം പുലർത്തുന്ന സ്ഥിരതയും കാര്യക്ഷമതയും മറ്റൊരു കേരളമാതൃകയായി മാറിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവും തുടർന്നുള്ള വിദ്യാകിരണം പദ്ധതിയും പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ വലിയ മാറ്റങ്ങൾ വരുത്തി. ഈ സർക്കാരിന്റെ മാത്രം കണക്ക് എടുത്താൽ, ആകെ 260 സ്കൂൾ കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്തു. 450 കെട്ടിടങ്ങളുടെ നിർമ്മാണം നടക്കുന്നു. പി.എസ്.സി. നിയമനങ്ങളിൽ മുന്നേറ്റ കാലമാണിത്. ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം പൊതുവിദ്യാഭ്യാസ വകുപ്പിൽ 11,000ൽ പരം പി.എസ്.സി. നിയമനങ്ങൾ നടന്നു എന്നതും ചരിത്രമാണ്. 45,000 ക്ലാസ് മുറികൾ ഹൈടെക്കാക്കി. 35,223 അധ്യാപകർക്കും പ്രത്യേക പരിശീലനം നൽകി. സ്കൂൾ അക്കാദമിക മാർഗരേഖ വികസിപ്പിച്ചു.



**കേരളത്തിലെ ഏക ഗോത്രവർഗ പഞ്ചായത്തായ ഇടമലക്കുടിയിൽ പഠിപ്പുറസി പദ്ധതി നടപ്പാക്കി**



# വികസനം

12037 സർക്കാർ/എയിഡഡ് സ്കൂളുകളിലെ പ്രീപ്രൈമറി മുതൽ എട്ടാം ക്ലാസ് വരെയുള്ള 30 ലക്ഷത്തോളം കുട്ടികൾക്ക് ഉച്ചഭക്ഷണം മുടങ്ങാതെ നൽകിവരുന്നു. ഏതാണ്ട് 2200 സ്കൂളുകളിൽ പ്രഭാത ഭക്ഷണം നൽകുന്നുണ്ട്. കൂടുതൽ സ്കൂളുകളിലേക്ക് ഇത് വ്യാപിപ്പിക്കാനുള്ള പ്രവർത്തനം നടന്നു വരികയാണ്.

കുട്ടികൾക്ക് സൗജന്യ സ്കൂൾ യൂണിഫോം വിതരണം ചെയ്യുന്നതിലും സംസ്ഥാനം രാജ്യത്തിന് മാതൃകയാണ്. 7077 സ്കൂളുകളിലെ 10 ലക്ഷത്തോളം കുട്ടികൾക്കായി 42.08 ലക്ഷം മീറ്റർ സൗജന്യ കൈത്തറി തുണി വിതരണം ചെയ്തു.

സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾക്കായി 45 കോടി രൂപയുടെ പാക്കേജ് അനുവദിച്ചു. ഏഴ് സർക്കാർ സ്പെഷ്യൽ സ്കൂളുകൾക്ക് രണ്ട് കോടി രൂപ അനുവദിച്ചു.

വിദ്യാർഥികളിൽ ശാസ്ത്ര അഭിരുചി വളർത്താൻ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ മുന്നേറുന്നു. അടുത്ത അധ്യയനവർഷം മുതൽ ആദ്യഘട്ടം പുതുക്കിയ പുസ്തകങ്ങൾ വിതരണം ചെയ്യും.

വിവിധ കാരണങ്ങളാൽ സ്കൂളിൽ എത്താൻ കഴിയാത്ത കുട്ടികളെ സ്പെഷ്യൽ ട്രെയിനിങ്ങ് വഴി പഠനം ഉറപ്പു വരുത്തുന്ന പദ്ധതി നടപ്പാക്കി. അടിസ്ഥാന ഗണിതശേഷി വികസന പരിപാടി ഒന്ന്, രണ്ട് ക്ലാസ്സുകൾക്കായി ഉല്ലാസഗണിതം, മൂന്ന്, നാല് ക്ലാസുകൾക്കായി ഗണിതവിജയം, ഒന്ന് മുതൽ നാല് ക്ലാസുകൾ വരെ ഉള്ളവർക്ക് അടിസ്ഥാന ഭാഷാശേഷി കൈവരിക്കുന്നതിന് വായനച്ചങ്ങാത്തം പരിപാടികൾ.

പഠനപ്രവർത്തനങ്ങളുടെ ഭാഗമായി വായനയ്ക്ക് ഗ്രേസ് മാർക്ക് നൽകാൻ തീരുമാനിച്ചു. മലയാളം അക്ഷരമാല പാഠപുസ്തകങ്ങളിൽ ഉൾച്ചേർത്തു.

വായനയുടെ വസന്തം പരിപാടിയുടെ ഭാഗമായി സ്കൂൾ ലൈബ്രറികളിലേക്ക് 10 കോടി രൂപയുടെ പുസ്തകങ്ങൾ എത്തിച്ചു.

ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം ലഭിക്കുന്ന എല്ലാ കുട്ടികൾക്കും സാമൂഹികപിന്തുണ ഉറപ്പുവരുത്താൻ ചങ്ങാതിക്കൂട്ടം പദ്ധതി നടപ്പിലാക്കി.

കേരളത്തിലെ ഏക ഗോത്രവർഗ പഞ്ചായത്തായ ഇടമലക്കുടിയിൽ പഠിപ്പുറസി പദ്ധതി നടപ്പാക്കി. സ്കൂളിനെ യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്തു. ഗോത്രവിഭാഗത്തിലുള്ള കുട്ടികൾക്ക് പഠന പിന്തുണ നൽകാൻ 60 ഊരുവിദ്യാകേന്ദ്രങ്ങൾ. വയനാട്, അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതികൾ നടപ്പിലാക്കി.

ട്രാൻസ്ജെൻഡർ, എൽ.ജി.ബി.ടി.ക്യു പ്ലസ് വിഭാഗങ്ങളെ പഠനത്തോടൊപ്പം മികവോടെ പൊതുധാരയിലേക്ക് കൊണ്ടുവരാൻ സമന്വയ പദ്ധതി നടപ്പിലാക്കി.

സാക്ഷരതാ പ്രേരക്മാരുടെ സേവന വേതന വ്യവസ്ഥകൾ പുതുക്കി. അരികുവൽക്കരിക്കപ്പെട്ടവരുടെ വിദ്യാഭ്യാസത്തിനായി 'നവചേതന' പദ്ധതി നടപ്പിലാക്കി.

## തൊഴിൽക്ഷേമം

മികച്ച തൊഴിലാളി - തൊഴിലുടമബന്ധം നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഇവിടെ തൊഴിൽ തർക്കങ്ങൾ നിലനിൽക്കുന്നില്ല. തൊഴിലാളികൾക്ക് മികച്ച വേതനം ഉറപ്പാക്കുന്ന സംസ്ഥാനം ആണ് കേരളം.

തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ ദിവസക്കൂലി നൽകുന്ന സംസ്ഥാനമാണ് കേരളം. റിസർവ് ബാങ്കിന്റെ കണക്കാണിത്. ഇതര സംസ്ഥാന തൊഴിലാളി സാക്ഷരതാ പദ്ധതിയായ 'ചങ്ങാതി' വിജയകരമായി നടപ്പിലാക്കി. പഠനത്തോടൊപ്പം 'തൊഴിൽ - കർമ്മചാരി' പദ്ധതി നടപ്പിലാക്കി.സർക്കാർ മേഖലയിലെ ആദ്യ ഓൺലൈൻ ടാക്സി സേവനം 'കേരള സവാരി' നടപ്പാക്കി.

# കാലോചിതവും സമഗ്രവുമായ മാറ്റം

> **സഹകരണ മേഖലയിലെ ഉൽപന്നങ്ങളെ വിപണിക്ക് പരിചയപ്പെടുത്താൻ ആരംഭിച്ച സഹകരണ എക്സ്പോ, ഇവയുടെ ഓൺലൈൻ വ്യാപാരം കോപ് മാർട്ട് ബ്രാൻഡിങ്ങ് എന്നിവ പുത്തൻ കാൽവയ്പ്പുകളായി**

പുതിയകാലത്തിനനുസരിച്ച് കേരളത്തിന്റെ സഹകരണ രജിസ്ട്രേഷൻ വകുപ്പുകളെ അടിമുടി മാറ്റിയെടുക്കുകയാണ് സംസ്ഥാനസർക്കാർ. രജിസ്ട്രേഷൻ വകുപ്പിൽ സമഗ്രമായ പരിഷ്കരണങ്ങളും ഡിജിറ്റൽ സാങ്കേതികവിദ്യയിലേക്കുള്ള മാറ്റവുമാണ് നടപ്പിലാക്കുന്നതെങ്കിൽ സഹകരണമേഖലയെ നാടിന്റെ വികാസപരിണാമം കണക്കിലെടുത്ത് കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുകയാണ്. സഹകരണ നിയമം സമഗ്രമായി പരിഷ്കരിച്ചു. സഹകരണമേഖലയെ സംരക്ഷിക്കാനുള്ള പുനരുദ്ധാരണ നിധി, സഹകരണസ്ഥാപനങ്ങളിലെ നിക്ഷേപകർക്ക് നൽകി വരുന്ന ഗ്യാരന്റി അഞ്ച് ലക്ഷം രൂപയായി ഉയർത്തിയത്.സഹകരണ ഓഫീസുകളെ ഇ-ഓഫീസ് സംവിധാനത്തിലാക്കി, ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കാൻ തീരുമാനിച്ചതുമെല്ലാം ഉദാഹരണം.

ജനങ്ങളിലേക്ക് ആനുകൂല്യങ്ങൾ എത്തിയത് സഹകരണ വകുപ്പിലൂടെയാണ്. റിസ്ക്ഫണ്ട്, അംഗത്വ സമാശ്വാസനിധി, സഹകാരി സാന്ത്വനം എന്നീ പദ്ധതികളിലൂടെ രോഗികൾക്കും മരണപ്പെട്ടവരുടെ കുടുബങ്ങൾക്കുമുള്ള സഹായം. ഒറ്റത്തവണ തീർപ്പാക്കലിലൂടെ വായ്പാകുടിശ്ശികയിൽ കോടികളുടെ ആനുകൂല്യമാണ് കർഷകർക്കും സാധാണക്കാർക്കും അനുവദിച്ച് നൽകുന്നത്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി. എസ് പി സി എസ്സിന്റെ നേതൃത്വത്തിൽ കോട്ടയത്ത് നിർമ്മിക്കുന്ന അക്ഷരം മ്യൂസിയത്തിന്റെ ഒന്നാംഘട്ടം പൂർത്തീകരണത്തിലാണ്. കോവിഡ് കാലത്ത് പലിശരഹിതമായ വിദ്യാതരംഗിണി വായ്പാ പദ്ധതി അടക്കം ജനങ്ങളെ കരുതലോടെ ചേർത്തു നിർത്തുന്ന പദ്ധതികളാണ് സഹകരണ വകുപ്പ് മുന്നോട്ടു കൊണ്ടുപോകുന്നത്.

സഹകരണ മേഖലയിലെ ഉത്പന്നങ്ങ ളെ വിപണിക്ക് പരിചയപ്പെടുത്താൻ ആരംഭിച്ച സഹകരണ എക്സ്പോ, ഇവയുടെ ഓൺ ലൈൻ വ്യാപാരം കോപ് മാർട്ട് ബ്രാൻഡിങ്ങ് എന്നിവ പുത്തൻ കാൽവയ്പ്പുകളായി.



**രജിസ്ട്രേഷൻ ഓഫീസുകളിൽ ഡിജിറ്റലൈസേഷൻ, സ്റ്റാമ്പിങ്ങ് നടപ്പിലാക്കി**

കേരളത്തിലെ വനിതാസഹകരണ സംഘങ്ങളെ മികച്ച ഉൽപാദന യൂണിറ്റുകളാക്കി മാറ്റുന്നതിനായി വ്യവസായ വകുപ്പുമായി ചേർന്ന് പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. മത്സ്യതൊഴിലാളികൾക്ക് സ്നേഹതീരം വായ്പാപദ്ധതി കുടുബശ്രീയിലൂടെ മുറ്റത്തെ മുല്ല വായ്പാപദ്ധതി എന്നിവയിലൂടെ പണം നൽകി വരുന്നു. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സഹകരണം സൗഹൃദം വായ്പാ പദ്ധതി. ഒരു നഴ്സിങ്ങ് കോളേജ് ആരംഭിച്ചു.




കേരള ബാങ്ക് 2022-23 സാമ്പത്തികവർഷം കേരള ബാങ്കിന്റെ മൊത്തം ബിസിനസ് 1,21,204 കോടി ആയി വർധി ച്ചു. കേരളബാങ്കിനു വലിയപുരോഗതി നേടിയെടുക്കാനായി. 2022 ലെ ലോക സഹകരണ മോണിട്ടർ പ്രകാരം എറ്റവും മികച്ച 300 സഹകരണസ്ഥാപനങ്ങളിൽ 35-ാം സ്ഥാനത്താണ്.

സമഗ്ര സഹകരണ നിയമഭേദഗതി.

സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ് വെയർ.

**കെയർ ഹോം പദ്ധതി :** 2018 ലെ മഹാപ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവവർക്കായി കെയർ ഹോം പദ്ധതിവഴി ആദ്യഘട്ടത്തിൽ 2092 വീടുകൾ പൂർത്തിയായി. 14 ജില്ലകളിലും ഭവനസമുച്ചയം നിർമ്മിച്ചുനൽകുന്നതിനും തുടക്കമായി. തൃശ്ശൂർ ജില്ലയിൽ 40 കുടുംബങ്ങൾക്ക് ഭവനസമുച്ചയം കൈമാറി.

നെൽകർഷകർക്കായി കേരളാ നെല്ല് സംഭരണ സംസ്കരണ വിപണന സഹകരണസംഘത്തിന്റെ (കാപ്കോസ്) ആധുനിക മില്ല് സ്ഥാപിക്കുന്നതിനായി കോട്ടയം കിടങ്ങൂരിൽ പത്തേക്കർ സ്ഥലം വാങ്ങി.

പുതിയ മേഖലകളിലേക്കു കടക്കുന്നതിന്റെ ആദ്യഘട്ടമായി 30 യുവജന സഹകരണസംഘങ്ങളാണ് രജിസ്റ്റർ ചെയ്തത്. കൂടാതെ പട്ടികജാതി/വർഗ വിഭാഗക്കാരെ ഉൾപ്പെടുത്തി 14 എണ്ണവും മൂന്ന് വനിതായുവജന സഹകരണസംഘങ്ങളും ഉൾപ്പടെ 47 എണ്ണം രജിസ്റ്റർചെയ്തു.

സഹകരണ എക്സ്പോ.

റിസ്ക്ഫണ്ട് അംഗത്വ സമാശ്വാസനിധി സഹകാരി സാന്ത്വനം ആനുകൂല്യങ്ങൾ; റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 12176 ഗുണഭോക്താക്കൾക്ക് 111.65 കോടി രൂപ നൽകി.

രജിസ്ട്രേഷൻ ഓഫീസുകളിൽ ഡിജിറ്റലൈസേഷൻ. സ്റ്റാമ്പിങ്ങ് നടപ്പിലാക്കി.

കുടിശ്ശികയായ അണ്ടർ വാല്യുവേഷൻ കേസുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ.



നവ കേരള സദസ്സ്

# ദേശീയാംഗീകാരങ്ങ

**നീതി ആയോഗിന്റെ ദേശീയ ആരോഗ്യ സൂചികയിൽ കേരളം ഒന്നാമതാണ്**



കേരളത്തിന്റെ ആരോഗ്യരംഗം സമാനതകളില്ലാത്ത വെല്ലുവിളികൾ നേരിട്ട രണ്ട് വർഷങ്ങളാണ് കടന്ന് പോയത്. ഇത്രയേറെ പ്രതിസന്ധികൾ നേരിട്ടപ്പോഴും ആരോഗ്യമേഖലയിൽ വളരെയധികം വികസന പ്രവർത്തനങ്ങൾ നടത്താൻ കേരളത്തിനായി. നിപയെ പിടിച്ചുകെട്ടിയതിലൂടെ ജനങ്ങൾക്ക് ഭീഷണി ഉയർത്തുന്ന ഏത് ആരോഗ്യവെല്ലുവിളികളെയും നേരിടാനാകുമെന്ന് കേരളം തെളിയിച്ചു.

ഇക്കാലയളവിൽ ആരോഗ്യ, വനിത- ശിശുവികസന വകുപ്പുകൾക്കായി 19 ദേശീയ അംഗീകാരങ്ങളാണ് ലഭിച്ചത്. നീതി ആയോഗിന്റെ ദേശീയ ആരോഗ്യസൂചികയിൽ കേരളം ഒന്നാമതാണ്. കേന്ദ്രത്തിന്റെ ആരോഗ്യമന്ഥൻ 2023 പുരസ്കാരം തുടർച്ചയായി മൂന്നാം തവണയും കേരളത്തിന് ലഭിച്ചു. ഏറ്റവും കൂടുതൽ ചികിത്സ നൽകിയ സംസ്ഥാനത്തിനും കാഴ്ചപരിമിതർക്കായി പ്രത്യേകം ലഭ്യമാക്കിയ സേവനങ്ങൾക്കുമാണ് പുരസ്കാരങ്ങൾ. ഇങ്ങനെ ആരോഗ്യരംഗത്ത് പല മേഖലയിലും മുന്നിലുള്ള കേരളം ആ സ്ഥാനത്ത് നിന്നും കൂടുതൽ മുന്നേറാനാണ് ശ്രമിക്കുന്നത്.

മികച്ച സേവനം ഒരുക്കിയതിന്റെയും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തിയതിന്റെയും ഫലമായി സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്നവരുടെ എണ്ണം പലമടങ്ങ് വർധിച്ചു. എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും പ്രകടമായ മാറ്റം കാണാവുന്നതാണ്.



**ഇടുക്കി, കോന്നി മെഡിക്കൽ കോളേജുകൾ യാഥാർഥ്യമാക്കി.**

# ളുടെ നിറവിൽ









ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനം. കാസ്പ് വഴി 3200 കോടിയുടെ സൗജന്യ ചികിത്സ നൽകി

170 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻക്യുഎഎസ്. 10 ആശുപത്രികൾക്ക് ദേശീയ ലക്ഷ്യ സർട്ടിഫിക്കേഷൻ.

597 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ ഹെൽത്ത്. ആരോഗ്യസേവനങ്ങളെല്ലാം ഓൺലൈനായി ഒരു കുടക്കീഴിൽ.

ഇടുക്കി, കോന്നി മെഡിക്കൽ കോളേജുകൾ യാഥാർഥ്യമാക്കി.

കോന്നി മെഡിക്കൽ കോളേജ് 40 കോടിയുടെ അക്കാഡമിക് ബ്ലോക്ക്.

ചരിത്രത്തിലാദ്യമായി സർക്കാർ മേഖലയിൽ 1020 പുതിയ ബി.എസ്.സി. നഴ്സിങ്ങ് സീറ്റുകൾ

സർക്കാർ മേഖലയിൽ പുതുതായി ആറ് നഴ്സിങ്ങ് കോളേജുകൾ, സിമെറ്റിന്റെ കീഴിൽ ഏഴ് നഴ്സിങ്ങ് കോളേജുകൾ.

എറണാകുളം ജനറൽ ആശുപത്രിയിൽ രാജ്യത്ത് ആദ്യമായി ഹൃദയ ശസ്ത്രക്രിയയും ഹൃദയം തുറക്കാതെ വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടത്തിയ ജില്ലാതല ആശുപത്രിയായി.

സർക്കാർ ആശുപത്രികളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യാഥാർഥ്യമാക്കി. കോട്ടയം, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ.

ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ യാഥാർഥ്യമാക്കി (5415 എണ്ണം)



# എല്ലാ നിവേദനങ്ങളിലും നടപടിയുണ്ടാകും നടപടികൾ ത്വരിതമാക്കും

നവകേരള സദസ്സ് ജനാധിപത്യ ത്തിന്റെ മാത്രമല്ല; ഭരണനിർവഹണ ത്തിന്റെ കൂടി പുതിയ ഒരു മാതൃക ഉയർത്തുകയാണ്. ഓരോ വേദിയിലും തങ്ങളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽ പെടുത്താനും പരിഹാരം കാണാനുമായി ഇന്നലെവരെ (ഡിസംബർ 6) 3,00 ,571 പേരാണ് നിവേദനങ്ങളുമായെത്തിയത്. ഇത്രയധികം നിവേദനങ്ങൾ അതിവേഗം പരിശോധിച്ച് നടപടിയെടുക്കുക എന്നത് വലിയ വെല്ലുവിളിയാണ്. എന്നാൽ വാഗ്ദാനം ചെയ്ത സമയത്തിനുള്ളിൽ തന്നെ പരിഹാരങ്ങൾ ഉണ്ടാക്കാൻ സർക്കാർ സംവിധാനങ്ങൾ എണ്ണയിട്ട യന്ത്രം പോലെ പ്രവർത്തിച്ചു വരികയാണ്.

ലഭിക്കുന്ന നിവേദനങ്ങളിൽ പൊതു ആവശ്യങ്ങളും വ്യക്തിഗത ആവശ്യങ്ങളും സങ്കടങ്ങളും സർക്കാരിന്റെ പരിധിയിൽ വരാത്ത കാര്യങ്ങളും ഒക്കെ ഉണ്ട്. വ്യവസ്ഥാപിത രീതിയിൽ അപേക്ഷ സമർപ്പിച്ച് നിശ്ചിതയോഗ്യത തെളിയിച്ച് ലഭ്യമാക്കേണ്ട ആനുകൂല്യങ്ങൾക്കും നിവേദനം സമർപ്പിച്ചവർ ഉണ്ട്. ചില പരാതികൾക്ക് പരിഹാരം കാണാൻ സർക്കാരിന് കഴിയില്ല എന്നറിഞ്ഞു കൊണ്ട് തന്നെ സ്വന്തം സങ്കടങ്ങളും പരിഭവങ്ങളും സമർപ്പിക്കാൻ തയ്യാറാവുന്നവരുമുണ്ട്. ജനങ്ങൾ സർക്കാരിൽ വിശ്വാസം അർപ്പിക്കുന്നത് കൊണ്ടാണ് കൂടുതൽ പേർ ഇങ്ങനെ മുന്നോട്ടു വരുന്നത്. നിവേദനങ്ങളുടെ








എണ്ണം കൂടുന്നത് ശരിയായ അവസ്ഥയാണോ എന്ന ചോദ്യം ചില കേന്ദ്രങ്ങളിൽ ഉയർന്നു കേട്ടു. തങ്ങളുടെ പ്രശ്നങ്ങൾ കേൾക്കാനും പരിഹാരം കാണാനും സർക്കാർ ഉണ്ട് എന്ന വിശ്വാസമാണ്, ഏതു വിഷയവും ഇങ്ങനെ നിവേദനങ്ങളായി നൽകാൻ ജനങ്ങൾക്ക് പ്രചോദനമാകുന്നത്. ആ ജനവിശ്വാസമാണ് ജനാധിപത്യത്തിന്റെ വിജയം എന്നാണ് അവർക്കുള്ള മറുപടി. ലഭിച്ച എല്ലാ നിവേദനങ്ങളിലും നടപടിയുണ്ടാകും. നടപടികൾ ത്വരിതപ്പെടുത്താൻ കൂടുതൽ സംവിധാനങ്ങൾ ഒരുക്കുന്നുണ്ട്.

മുഖ്യമന്ത്രി പിണറായി വിജയൻ (07-12-2023ന് അങ്കമാലിയിൽ നടത്തിയ പത്രസമ്മേളനത്തിൽ നിന്ന്)



License to Post without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: **01.12.2023**
KERMAL2014/58028 Price: **12.00**
Reg. No. KL/TV(N)/660/2022-2024




Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS